


# ദൈവവചന ശുശ്രൂഷ



## വിമലഹൃദയപ്രതിഷ്ഠയ്ക്കു ശേഷം ആലപിക്കാവുന്ന ഗീതം

അമ്മേ വിമലഹൃദയമാതേ
കൂപ്പുകരങ്ങളുമായിതാസവിധേ
നിൽപ്പൂ നിൻ മക്കൾ എന്നും നാഥേ
സ്നേഹകടാക്ഷം നീ ചൊരിയൂ

അലിവേറുമാ ഹൃദയമല്ലോ
തിരുസഭാക്കൾക്കഭയമമ്മേ
മാനവരാശിതൻ അഭിമാനമേ
അർപ്പിപ്പൂലോകം മുഴുവനേയും


*അമ്മേ മരിയേ വിമലാംബികേ*
*തൂകൂ കൃപ തൻ വരമാരി നീ*

അഴലുകളും വ്യാധികളും
തിൻമ തൻ ശക്തികൾ സർവ്വവുമേ
നീക്കിയീ ഭൂവിനെ കരുണയോടെ
ഈശോയിലേയ്ക്കമ്മേ ആനയിക്കൂ

*അമ്മേ മരിയേ വിമലാംബികേ*
*തൂകൂ കൃപ തൻ വരമാരി നീ*

*Lyrics:* **Sr. Jaisly**
*Music:* **Fr. Thomas Thaikkattussery**

# അവതാരിക



'നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും.' (മത്താ. 6:33) 'വാക്കുകൾ കൊണ്ടു മാത്രമല്ല, ദൈവസാന്നിധ്യത്താൽ രൂപാന്തരപ്പെട്ട ഒരു ജീവിതം കൊണ്ട് സദ്വാർത്ത പ്രഘോഷിക്കുന്ന സുവിശേഷകരെയാണ് ഈശോയ്ക്കാവശ്യം' (ഫ്രാൻസിസ് പാപ്പാ) വാക്കുകൾ കൊണ്ടും ജീവിതം കൊണ്ടും ദൈവവചനത്തിനും ദൈവരാജ്യത്തിനും സാക്ഷികളാകാൻ വിളി ലഭിച്ചവരാണ് നമ്മൾ. സുവിശേഷത്തിലെ ഈശോയെ വ്രതബദ്ധജീവിതത്തിലൂടെ അനുനിമിഷം അനുകരിക്കുന്ന നമ്മുടെ ജീവിതം 24 മണിക്കൂർ നീണ്ടു നിൽക്കുന്ന ഒരു 'ദൈവവചനശുശ്രൂഷ' തന്നെയാണ്. ഈ വലിയ ബോധ്യവും ഉൾക്കാഴ്ചയും നമ്മിൽ കൂടുതൽ ശക്തമായി ഊട്ടിയുറപ്പിക്കാനാണ് ചില പ്രത്യേക ദിവസങ്ങളിൽ നാം സമൂഹമായി തിരുവചനം ധ്യാനിക്കുകയും സ്വാംശീക

രിക്കുകയും ചെയ്യുന്നത്. തിരുവചനത്തിന്റെ ആന്തരിക അർത്ഥങ്ങളോടും പ്രചോദനങ്ങളോടും ക്രിയാത്മകമായി പ്രത്യുത്തരിച്ചതിന്റെ പരിണിതഫലമായാണ് എല്ലാ വിശുദ്ധരും ജൻമം കൊണ്ടത്. അതിനാൽ അവരുടെ ഓർമ്മദിനങ്ങളിൽ വചനത്തിന്റെ ആഴമായ പഠനവും വിചിന്തനവും വചനാധിഷ്ഠിതപ്രാർത്ഥനയും അത്യന്താപേക്ഷിതമാണ്. അവസരോചിതമായ വചനവിചിന്തനങ്ങളാൽ നിറഞ്ഞ, ആത്മാഭിഷേകനിറവുള്ള ഈ ഗ്രന്ഥം നമ്മുടെ സമർപ്പിതജീവിതതീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കട്ടെ. ഈ ഗ്രന്ഥത്തിന്റെ സാക്ഷാത്ക്കാരത്തിനായി അക്ഷീണം ദൈവകൃപയോടെ അദ്ധ്വാനിച്ച മീഡിയാ കൗൺസിലർ സി. ജെയ്സിലിയെയും എഡിറ്റോറിയൽ അംഗങ്ങളെയും ആത്മാർത്ഥമായി അഭിനന്ദിക്കുകയും ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. ദൈവവചനത്തിന് സമ്പൂർണസമർപ്പണം ചെയ്തു ജീവിക്കുവാൻ ഈ ദൈവവചന ശുശ്രൂഷാഗ്രന്ഥം നമുക്കു പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. സി. പ്രസന്ന CMC**
*പ്രൊവിൻഷ്യൽ സുപ്പീരിയർ*

# ആമുഖം



'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.' (മർക്കോ. 16:15) ദിവ്യനാഥന്റെ ഈ ആഹ്വാനം ശിരസാവഹിച്ചുകൊണ്ട് ദൈവരാജ്യസംസ്ഥാപനത്തിനായി സ്വയം സമർപ്പിച്ചവരാണ് എല്ലാ വിശുദ്ധരും. ദൈവവചനത്തോട് ഇഴചേർന്നു നിന്ന വിശുദ്ധരുടെ ജീവിതം വചനത്തോട് ചേർത്തുവച്ചല്ലാതെ നമുക്കു വിചിന്തനം ചെയ്യാനാവില്ല. ദൈവാത്മാവിന്റെ പ്രചോദനത്താൽ രൂപം കൊണ്ട ദൈവവചനം നമുക്കു വ്യാഖ്യാനിച്ചു തരുന്നതും വചനത്തിലൂടെ നമ്മെ പ്രാർത്ഥിക്കാൻ സഹായിക്കുന്നതും പരിശുദ്ധാത്മാവു തന്നെയാണ്. പ്രധാന തിരുനാളുകളോടനുബന്ധിച്ച് ദൈവവചനശുശ്രൂഷ ആഘോഷമായി നടത്തുന്നതിലൂടെ ദൈവവചനത്തിന്റെ അനിതരസാധാരണമായ സ്വാധീനത്തിന് നാം നമ്മെത്തന്നെ സമർപ്പിക്കുകയാണ്. തിരുസഭയുടെ ഔദ്യോഗികപ്രാർത്ഥനയായ യാമപ്രാർത്ഥനകൾ തിരുവചനത്തിന്റെ അതൃഗാ

ധമായ വിചിന്തനങ്ങൾ നിറഞ്ഞതാണ്. അവസരോചിതമായ സങ്കീർത്തനമാലകളും തിരുവചനം കാച്ചിക്കുറുക്കിയ ഓനീസാകളും നിറഞ്ഞ യാമപ്രാർത്ഥനയോട് ചേർത്ത് വിശുദ്ധജീവിതങ്ങളെയും വചനവെളിച്ചത്തിൽ വിചിന്തനം ചെയ്യുന്നതും സ്വാംശീകരിക്കുന്നതും അനുചിതമാണ്. പ്രത്യേക തിരുനാളുകളോടനുബന്ധിച്ച് റംശാ പ്രാർത്ഥനയോട് കൂട്ടിച്ചേർത്ത് ഇങ്ങനെ ഒരു ദൈവവചനശുശ്രൂഷാ ഗ്രന്ഥം പൂർത്തിയാക്കാൻ ഇടയാക്കിയ നല്ല ദൈവത്തിനും, എല്ലാവിധ പിന്തുണയും ആശീർവ്വാദവും നൽകിയ ബഹു. പ്രൊവിൻഷ്യലമ്മയ്ക്കും, കൂടെ നിന്ന് അക്ഷീണം യത്നിച്ച എഡിറ്റോറിയൽ അംഗങ്ങൾക്കും, വളരെയധികം പ്രാർത്ഥനകൾ ക്രോഡീകരിച്ച് സഹായിച്ച സി. ബ്ലസിയ്ക്കും ജൂണിയേഴ്സിനും ഹൃദ്യമായി നന്ദിയർപ്പിക്കുന്നു. ദൈവവചനത്തിന്റെ വളർച്ചയ്ക്കായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

**സി. ജെയ്സിലി CMC**
*മീഡിയാ കൗൺസിലർ*

# ഉൾത്താളുകളിൽ...


1. വി. ചാവറ കുര്യാക്കോസ് ഏലിയാ ........ 08
2. ദനഹാതിരുനാൾ ........ 14
3. സി. എം. സി. സ്ഥാപനദിനം ........ 18
4. വിശുദ്ധ യൗസേപ്പിതാവ് ........ 23
5. ദുക്റാനത്തിരുനാൾ ........ 29
6. പരിശുദ്ധ കർമ്മലമാതാവ് ........ 33
7. മാതാവിന്റെ സ്വർഗ്ഗാരോപണം ........ 38
8. വി. എവുപ്രാസ്യാമ്മ ........ 39
9. വി. കൊച്ചുത്രേസ്യാ ........ 45
10. വി. അമ്മത്രേസ്യായുടെ തിരുനാൾ ........ 51
11. മാതാവിന്റെ അമലോത്ഭവതിരുനാൾ ........ 58
12. വി. യോഹന്നാൻ ക്രൂസ് ........ 62
13. പരി. കന്യകാമറിയത്തിന്റെ തിരുനാളുകൾ ........ 70
14. ഈശോയുടെ തിരുനാളുകൾ ........ 75
15. തിരുക്കുടുംബത്തിന്റെ തിരുനാൾ, ഉണ്ണീശോയുടെ തിരുനാൾ ........ 80
16. വി. അന്നാമ്മയുടെ തിരുനാൾ ........ 83
17. വി. അന്തോനീസിന്റെ തിരുനാൾ ........ 86



# വി. ചാവറ കുര്യാക്കോസ് ഏലിയാ

## ജനുവരി 03

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** കേരള കർമ്മല സന്യാസിനികളുടെ സഭാസ്ഥാപകനായ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ സഭാമാതാവ് ആഘോഷിക്കുന്ന ജനുവരി 3 വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പുണ്യദിനമാണ്. യോഗാത്മക പ്രാർത്ഥനയിലൂടെ സദാ ദൈവവുമായി ഐക്യപ്പെട്ടുകൊണ്ട് അതേ തീക്ഷ്ണതയോടെ ദൈവജനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച നമ്മുടെ പിതാവ് 1805 ഫെബ്രുവരി 10-ാം തീയതി കൈനകരി ഗ്രാമത്തിൽ ചാവറ കുടുംബത്തിൽ ഭൂജാതനായി. സ്കൂളുകൾ ഒന്നും ഇല്ലാതിരുന്ന ആ കാലസന്ധിയിൽ ആകെ ഉണ്ടായിരുന്ന ഒരു ആശാൻ കളരിയിൽ വിദ്യാഭ്യാസം ചെയ്തു. 11-ാം വയസ്സിൽ പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ നിർദ്ദേശമനുസരിച്ച് പള്ളിപ്പുറം സെമിനാരിയിൽ പ്രവേശിച്ചു. 14 വർഷത്തെ പഠനത്തിനും പരിശീലനത്തിനും ശേഷം 1829 ൽ

24-ാമത്തെ വയസ്സിൽ വൈദികപട്ടം സ്വീകരിച്ചു. 40 വർഷക്കാലം വിവിധ തുറകളിൽ തിരുസഭാ സേവനവും സമുദായസേവനവും കാഴ്ചവച്ച ഭക്തികർമ്മയോഗിയായ വി. ചാവറപ്പിതാവ് 1871 ജനുവരി 3-ാം തീയതി ദിവംഗതനായി. പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ പാപ്പാ 1986 ഫെബ്രുവരി 8-ാം തീയതി അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനെന്നും 2014 നവംബർ 23-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ അദ്ദേഹത്തെ വിശുദ്ധനെന്നും നാമകരണം ചെയ്തു. അദ്ദേഹത്തിന്റെ ജീവിതദർശനങ്ങളുടെ ആഴങ്ങളിലേയ്ക്ക് കടന്നുചെന്ന് അവ ജീവിതബന്ധിയാക്കുന്നതിന്, നമ്മുടെ ആത്മാവിൽ പ്രകാശം ലഭിക്കുന്നതിനായി പ്രാർത്ഥിക്കാം.

## വിജ്ഞാപനം --I

*കർത്താവിന്റെ മലയായ ഹൊറെബിൽ നിശബ്ദത ചൂഴ്ന്ന് നിൽക്കുന്ന ഗുഹയിൽ ഏലിയാ പ്രവാചകൻ സൈന്യങ്ങളുടെ ദൈവമായ കർത്താവിനെക്കുറിച്ചുള്ള തീക്ഷ്ണതയാൽ ജ്വലിച്ചതുപോലെ, ദിവ്യകാരുണ്യസന്നിധിയിൽ 'ദൈവം തന്റെ വത്സലപിതാവും താൻ അവിടുത്തെ പ്രിയപുത്രനും' എന്ന അനുഭവത്തിൽ ജ്വലിച്ച വി. ചാവറയച്ചൻ. ധ്യാനനിർലീനതയിൽനിന്ന് ഉരുത്തിരിഞ്ഞ ചൈതന്യമാണ് അദ്ദേഹത്തിന്റെ നിഷ്ക്കാമകർമ്മങ്ങൾക്ക് ഊടും പാവും നൽകിയത്. വി. ചാവറപിതാവിന് ആദ്യതീക്ഷ്ണത പകർന്നുനൽകിയ ഏലിയാ പ്രവാചകന്റെ ചൈതന്യം സ്വന്തമാക്കാനുള്ള ദാഹത്തോടെ 1 രാജാക്കന്മാർ 19:1-4 വരെയുള്ള തിരുവചനഭാഗം ധ്യാനപൂർവ്വം നമുക്ക് ശ്രവിക്കാം.*

**വായന: 1 രാജാ. 19:1-14**

**സമൂ.:** ദൈവമായ കർത്താവിന് സ്തുതി.

**സ്വയം കണ്ടെത്തൽ**

ദൈവാനുഭവത്തിൽ ആഴപ്പെടാനുള്ള തീക്ഷ്ണമായ ആഗ്രഹവും നിർബന്ധബുദ്ധിയും പരിശ്രമവും *നമുക്ക്* ഉണ്ടോ?

**സങ്കീർത്തനം 42**

(ഇരുഗണമായി ചൊല്ലുന്നു)

**1-ാം ശുശ്രൂഷി:** നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു.

**സമൂ.:** *നീർച്ചാൽ തേടുന്ന....*

**2-ാം ശുശ്രൂഷി:** എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു. ജീവിക്കുന്ന ദൈവത്തിനു വേണ്ടിത്തന്നെ.

**സമൂ.:** *നീർച്ചാൽ തേടുന്ന....*

**1-ാം ശുശ്രൂഷി:** എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു. നീ എന്തിന് നെടുവീർപ്പിടുന്നു. ദൈവത്തിൽ പ്രത്യാശ വയ്ക്കുക.

**സമൂ.:** *നീർച്ചാൽ തേടുന്ന....*

**2-ാം ശുശ്രൂഷി:** അവിടുന്ന് എന്നെ മറന്നതെന്തുകൊണ്ട് ശത്രുവിന്റെ പീഡനം മൂലം എനിക്കു വിലപിക്കേണ്ടി വന്നതെന്തുകൊണ്ട്, എന്ന് എന്റെ രക്ഷാശിലയായ ദൈവത്തോടു ഞാൻ ചോദിക്കും.

**സമൂ.:** *നീർച്ചാൽ തേടുന്ന....*

**1-ാം ശുശ്രൂഷി:** എന്റെ സഹായവും ദൈവവുമായ അവിടുത്തെ ഞാൻ വീണ്ടും പുകഴ്ത്തും.

**സമൂ.:** *നീർച്ചാൽ തേടുന്ന....*

## വിചിന്തനം

അധികാരികളോട്, പ്രത്യേകിച്ച് തിരുസഭാധികാരികളോട് വി. ചാവറപ്പിതാവ് പ്രദർശിപ്പിച്ചിരുന്ന ആദരവും വിധേയത്വവും അന്യാദൃശ്യമായിരുന്നു. അനുസരണം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഒരു ഭാഗമായി രൂപാന്തരപ്പെട്ടു. ജീവിതത്തിന്റെ അന്ത്യനാളുകളിൽ, രോഗാവസ്ഥയിൽപ്പോലും അദ്ദേഹത്തിനു പറയാൻ സാധിച്ചു. ''എനിക്കു സ്വന്തമായിട്ട് ഒരു മനസുണ്ടോ, എന്ത് എന്നോടു കല്പിക്കുന്നുവോ ആയത്, സന്തോഷത്തോടെ ചെയ്യാൻ ഞാൻ ആസ്ഥമായിരിക്കുന്നു'' [C.M.C. നാളാഗമം Vol. II.P.12]

വി. ചാവറയച്ചൻ തന്റെ ജീവിതകാലം മുഴുവനും വാർദ്ധക്യത്തിൽപ്പോലും പലവിധ ജോലികളിലും പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നു. സിസ്റ്റേഴ്സ് നൽകുന്ന സാക്ഷ്യം ഇങ്ങനെയാണ്: ''കിണർ കുഴിപ്പിക്കുക, കൃഷികൾ ചെയ്യിക്കുക, തെങ്ങിനു വളം ഇടീക്കുക, നെല്ലുണങ്ങാനുള്ള തറ, സൂക്ഷിക്കാനുള്ള അറ ഇവ ഉണ്ടാക്കുക, ഇങ്ങനെ അല്പമായതും വലിയതും ആത്മത്തിനടുത്തതും ശരീരത്തിനടുത്തതുമൊക്കെയും നമ്മുടെ പ്രിയോരച്ചൻ തന്റെ വയസ്സു പ്രായത്തിലും സൗഖ്യക്കേടിലും നടത്തിത്തന്നിരുന്നു.'' [C.M.C. നാളാഗമം Vol. I.P.178]

## ഗീതം: (വി. ചാവറപ്പിതാവിന്റേത്)

## വിജ്ഞാപനം II

*മാതാപിതാക്കളുടെയും, ഏകസഹോദരന്റെയും നിര്യാണത്തിൽ വൈദികവൃത്തി ഉപേക്ഷിച്ചു മടങ്ങിവരാൻ ബന്ധുക്കൾ നിർബന്ധിച്ചപ്പോൾ, കർത്താവിൽ അഭയം തേടി ശക്തി പ്രാപിച്ച്, ''കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും'' (സങ്കീ. 16:5) എന്നു പറഞ്ഞ് എല്ലാ അവകാശങ്ങളും ചാവറപ്പിതാവ് വിട്ടുപേക്ഷിച്ചു. സർവ്വശക്തനായ ദൈവത്തിന് ''ഒരു ഉറുമ്പിനെക്കൊണ്ടുപോലും എല്ലാക്കാര്യങ്ങളും നിവർ*

*ത്തിപ്പാൻ സാധിക്കും'' എന്നുള്ള ആഴമേറിയ വിശ്വാസവും ധൈര്യവും തന്റെ വൈദികവൃത്തി തുടർന്നുകൊണ്ടുപോകുവാൻ അദ്ദേഹത്തിനു ശക്തി നൽകി. ഈശോയുടെ ദൗത്യം ഹൃദയത്തിൽ അദ്ദേഹം വിശ്വാസലിപികളാൽ എഴുതിച്ചേർത്തു. വചനം ഹൃദയത്തിൽ സംഗ്രഹിച്ച് വചനാനുസൃതം ജീവിച്ച ആ കർമ്മയോഗിയെ നമുക്കും മാതൃകയാക്കാം.*

## സുവിശേഷഗീതം

**വായന** (റംശായിലേത്)

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

### കാറോസൂസാ

**ശുശ്രൂ.:** ദിവ്യകാരുണ്യനാഥനെ തന്റെ അപ്പനായി കണ്ട ചാവറയച്ചനെപ്പോലെ, ഞങ്ങളും ദിവ്യകാരുണ്യ ഭക്തിയിൽ വളർന്നുവരുവാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** *കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.*

**ശുശ്രൂ.:** ''പുത്തനാണ്ടു പിറക്കുന്നു. പുണ്യങ്ങളൊക്കെയും പുത്തനാക്കണം'' പുതുചൈതന്യത്തോടെ ഈ പുതുവർഷത്തിൽ ജീവിക്കുവാൻ പരിശുദ്ധാത്മാവിന്റെ അഭിഷേകം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** *കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.*

**ശുശ്രൂ:** ''തമ്പുരാന്റെ മണവാട്ടികളായ നിങ്ങൾക്കു കാണിച്ചു തന്ന എല്ലാ ഉതപ്പുകളും ക്രമക്കേടുകളും ക്ഷമിക്കണമെ'' (CMC നാളാഗമം Vol.I) എന്ന് അപേക്ഷിക്കുവാൻ തക്ക എളിമയും ഹൃദയനൈർമ്മല്യവും ഉള്ള പിതാവിനെ അനുകരിച്ച് എളിമപ്പെടാനും, ക്ഷമ ചോദിക്കുവാനുമുള്ള കൃപയ്ക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** *കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.*

**ശുശ്രൂ:** ''എളിമ, ചൊൽവിളി, ഉപവി ഇവയിൽ തമ്മിൽ തമ്മിൽ മത്സരിക്കുവിൻ. ദർശന ഭവനങ്ങൾ പുണ്യ സങ്കേതങ്ങളായിരിക്കണം''. ഞങ്ങളുടെ ഭവനങ്ങൾ പുണ്യസങ്കേതങ്ങളായി വളർന്നുവരുവാനുള്ള കൃപയ്ക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** *കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.*

**ശുശ്രൂ:** ലോകത്തിന്റെ പൊടികളായ ലൗകികമായ ചിന്തകളും സംസാരവും പ്രവൃത്തിയും ഞങ്ങളിൽ നിന്നകറ്റി പുണ്യത്തിന്റെ പരിമളം വീശാനുള്ള കൃപയ്ക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.:** *കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.*

**ശുശ്രൂ:** ''ആവശ്യമുള്ളതിൽ എത്രയും ചുരുക്കമായിട്ടു പെരുമാറുക'' എന്ന സൂക്തം അനുസരിച്ച് ഞങ്ങളുടെ ദാരിദ്ര്യവ്രതം ആവശ്യപ്പെടുന്ന ഇല്ലായ്മകളെ സ്വീകരിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.:** *കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.*

***(തുടർന്ന് റംശായിലെ കാറോസൂസാ)***

***(റംശാ തുടരുന്നു)***



# ദനഹാതിരുനാൾ

## ജനുവരി 06

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** പാപാന്ധകാരത്തിൽ കഴിഞ്ഞ മനുഷ്യവംശത്തെ രക്ഷയുടെ വഴിയിലേയ്ക്ക് നയിക്കുവാൻ ഉന്നതത്തിൽ നിന്നുള്ള നീതിസൂര്യനായ ഈശോയെ പിതാവും പരിശുദ്ധാത്മാവും ലോകത്തിന് മുമ്പിൽ സാക്ഷ്യപ്പെടുത്തിയ മഹനീയ നിമിഷമായിരുന്നു ഈശോയുടെ ജ്ഞാനസ്നാനം. ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന പിതാവിന്റെ വെളിപ്പെടുത്തലോടെ ഈശോയുടെ പരസ്യജീവിതത്തിന് ആരംഭംകുറിച്ചു. ഈശോയുടെ പ്രത്യക്ഷീകരണത്തെ ധ്യാനവിഷയമാക്കുന്ന നമുക്ക് യോർദ്ദാൻ നദിക്കരയിൽ പ്രാവിൻരൂപത്തിൽ എഴുന്നള്ളിയ പരിശുദ്ധാത്മാവിനോട് ഞങ്ങളിലും ആവസിക്കണമേ എന്ന് പ്രാർത്ഥിക്കാം.

*മൗനം (1 മിനിട്ട്)*

## വിജ്ഞാപനം I

*യോഹന്നാൻ അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റേതുമായ ജ്ഞാനസ്നാനമാണ് നൽകിയത്. ഈശോയ്ക്ക് അത് സ്വീകരിക്കേണ്ട ആവശ്യം ഇല്ലായിരുന്നുവെങ്കിലും അവിടുന്ന് അത് സ്വീകരിച്ചു. ഈശോയുടെയും അവിടുത്തെ മാമ്മോദീസായുടേയും ശ്രേഷ്ഠത അറിയുന്ന യോഹന്നാൻ ആദ്യം അവിടുത്തേയ്ക്ക് മാമ്മോദീസ നിഷേധിക്കുന്നു. എന്നാൽ സർവ്വ പ്രപഞ്ച സ്രഷ്ടാവായ അവിടുന്ന് ഒരു പാപികണക്കെ തന്റെ സൃഷ്ടിയായ സ്നാപകന്റെ മുമ്പിൽ ശിരസ്സു നമിക്കുന്നു. ദൈവപുത്രൻ മനുഷ്യന്റെ മുമ്പിൽ തല കുനിച്ചുകൊണ്ട്, സ്വയം താഴ്ത്തുന്നതാണ് ഏറ്റവും വലിയ ഉയർച്ചയെന്ന് മാതൃക വഴി കാണിച്ചു തന്നു. കർത്താവു തന്റെ പ്രിയദാസനെപ്പറ്റി പ്രതിപാദിക്കുന്ന തിരുവചനഭാഗം ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും നമുക്ക് ശ്രവിക്കാം.*

## വായന: ഏശയ്യാ 42/1–7

**സമൂ.:** ദൈവമായ കർത്താവിനു സ്തുതി.

## സ്വയം കണ്ടെത്തൽ

ശൂന്യതയുടെ, ചെറുതാകലിന്റെ, മറ്റുള്ളവരുടെ മുമ്പിൽ ശിരസ്സ് നമിക്കേണ്ടതിന്റെ സാഹചര്യങ്ങൾ നമ്മുടെ സമൂഹജീവിതത്തിൽ ഉണ്ടാകും. അപ്പോൾ തന്റെ സൃഷ്ടിയുടെ മുമ്പിൽ ശിരസ്സു നമിച്ച ഈശോയുടെ മനോഭാവം നമുക്ക് ഉണ്ടോയെന്ന് കണ്ടെത്താം. ''ഇവൾ എന്റെ പ്രിയപുത്രി'' ഇവളിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' എന്ന് ദൈവം സാക്ഷ്യപ്പെടുത്തത്തക്കവിധത്തിലുള്ള ജീവിതശൈലിയാണോ നമ്മുടേതെന്ന് പുനഃപ്പരിശോധന നടത്താം.

## ഗാനം: (സമർപ്പണത്തിന്റേത്)

## വിജ്ഞാപനം II

*പരിശുദ്ധാത്മാവിന്റെ അംഗീകാരത്തോടും അഭിഷേകത്തോടുംകൂടി, അഭിഷിക്തരാജാവായ ഈശോ തന്റെ*

*പരസ്യജീവിതം ആരംഭിച്ചു. അവിടുന്ന് ദൈവത്തിന് പ്രിയപ്പെട്ടവനാണെന്നും തനിക്ക് പിതാവ് ഒരുക്കിയിരിക്കുന്നത് കുരിശിന്റെ വഴിയാണെന്നും ജ്ഞാനസ്നാനവേളയിൽ ഈശോയ്ക്ക് ബോദ്ധ്യപ്പെട്ടു. അവിടുന്ന് സ്വീകരിച്ച ജലത്താലുള്ള ജ്ഞാനസ്നാനം, പീഡാനുഭവങ്ങളിലൂടെ നിറവേറ്റേണ്ട രക്തത്തിലുള്ള മാമ്മോദീസായുടെ മുന്നോടിയായിരുന്നു. ഈശോയുടെ ജ്ഞാനസ്നാനത്തിലുള്ള പങ്കുചേരലായ നമ്മുടെ ജ്ഞാനസ്നാനത്തെക്കുറിച്ച് വി. പൗലോസ്ശ്ലീഹയുടെ വിവരണം നമുക്ക് ശ്രവിക്കാം.*

## വായന: റോമ 6/11–17

**സമൂ.:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## വിജ്ഞാപനം III

*ജ്ഞാനസ്നാനം വഴിയാണ് നാം മിശിഹായോട് ഐക്യപ്പെടുന്നത്. ഒരു പുതിയ സൃഷ്ടിയായി ഉയിർത്തെഴുന്നേൽക്കാനുള്ള ക്ഷണമാണ് മാമ്മോദീസാ. പഴയ മനുഷ്യനെ ദൂരെയെറിഞ്ഞ് ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുക. വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യം കാണാൻ സാധിക്കുകയില്ല.*

## ഗാനം: (സമർപ്പണത്തിന്റേത്)

## സുവിശേഷഗീതം

## വായന (റംശായിലേത്)

**സമൂ.:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി

*(എല്ലാവരും ഇരിക്കുന്നു)*

## വിഷയാവതരണം

സമർപ്പിതജീവിതം ദൈവത്തിന്റെ വിളിക്കുള്ള മനുഷ്യന്റെ സ്വതന്ത്രമായ പ്രത്യുത്തരമാണ്. ജ്ഞാനസ്നാന സമർപ്പണത്തിന്റെ പൂർണ്ണതയാണ് സന്യാസസമർപ്പണം. പുരാതനകാലം മുതൽ ദൈവൈക്യം പ്രാപിക്കാനുള്ള

മാർഗ്ഗമായിട്ടാണ് സന്യാസത്തെ കാണുക. ഇത് ദൈവവും മനുഷ്യരും തമ്മിലുള്ള ഉടമ്പടിയുടെ ബന്ധമാണ്. ഒരുവനെ സന്യാസിയാക്കുന്നത് അയാൾ പരസ്യമായി എടുക്കുന്ന 3 വ്രതങ്ങളാണ്. അതായത് അനുസരണം, ദാരിദ്ര്യം, ബ്രഹ്മ ചര്യം. ഈ അവസരത്തിൽ നമ്മുടെ വ്രതബദ്ധജീവിതത്തെ ക്കുറിച്ച് ചിന്തിക്കുക എത്രയും പ്രാധാന്യമർഹിക്കുന്നു.

## അനുസരണം

വി. ചാവറപ്പിതാവിന്റെ ഭാഷയിൽ പറഞ്ഞാൽ സ്വന്തം മനസ്സിനെ മുഴുവനായി ഉപേക്ഷിച്ച് കണ്ണും ചെവിയും ഇല്ലാത്ത ചൊൽവിളി. കുരിശുമരണം വരെ അനുസരിച്ച ഈശോയാ ണ് ഇവിടെ നമുക്ക് മാതൃക. പിതാവിൽ സമ്പൂർണ്ണമായി ആശ്രയിച്ചും അവിടുത്തെ ഹിതത്തിന് സ്വയം സമർപ്പിച്ചും സമൂഹത്തോടുള്ള നമ്മുടെ ആശ്രയത്വം പ്രകടമാക്കിയും ഈശോയുടെ രക്ഷാകരമായ അനുസരണം പിന്തുടരുക യാണ് നമ്മുടെ അനുസരണം.

## ബ്രഹ്മചര്യം

കുരിശുമരണത്തിലൂടെ സ്നേഹത്തിന്റെ അനന്തസാ ധ്യതകൾ തുറന്ന് തന്ന ഇൗശോയുടെ പാതയിൽ സകല സ്നേഹങ്ങൾക്കും ഉപരിയായി ദൈവത്തെ സ്നേഹിക്കു ന്നതിനും ആ സ്നേഹത്തിന്റെ നിറവിൽ നിറഞ്ഞ സേവന മായി ആത്മദാനം ചെയ്യുന്നതിനും ബ്രഹ്മചര്യവ്രതം നമ്മെ പ്രാപ്തരാക്കുന്നു.

## ദാരിദ്ര്യം

ദൈവമാകുന്ന അനശ്വരനിധി സ്വന്തമാക്കുന്നതിന് സ്വയം ദരിദ്രനായി തീർന്ന ഈശോയെ അനുകരിച്ച് നമുക്കു ള്ളവ മുഴുവനും മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ആത്മീയ അനുഭവമാണ് ദാരിദ്ര്യവ്രതം, നമ്മിലുളവാക്കുന്നത്.

*(തുടർന്ന് റംശായിലെ കാറോസൂസാ)*

*(റംശാ തുടരുന്നു)*

# സി. എം. സി. സ്ഥാപനദിനം

## ഫെബ്രുവരി 13

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** ഫെബ്രുവരി 13. CMC മക്കളുടെ ഹൃദയത്തിൽ ആനന്ദവും അഭിമാനവും അലടയിക്കുന്ന അനുഗ്രഹീതദിനം. പിതാവായ ദൈവത്തിന്റെ സ്നേഹപരിപാലനയുടെ മുൻപിൽ അഞ്ജലീബദ്ധരായി നിന്ന്, അവിടുന്ന് നമ്മുടെമേൽ വർഷിച്ച നിരവധിയായ അനുഗ്രഹങ്ങൾക്ക് നന്ദിയേകുവാനുള്ള വിശിഷ്ടാവസരം. 1866 ഫെബ്രുവരി 13 ന്, വി. ചാവറ കുര്യാക്കോസ് ഏലിയായുടെയും വന്ദ്യ ലെയോപ്പോൾദ് ബെക്കാറോ എന്ന ഇറ്റാലിയൻ കർമ്മലീത്താ മിഷണറിയുടെയും ആഴമായ തിരുസഭാസ്നേഹത്തിൽ നിന്നും ഉയിർക്കൊണ്ട CMC, കേരളത്തിലെ തന്നെ, സ്ത്രീകൾക്കുവേണ്ടിയുള്ള ആദ്യത്തെ സന്യാസിനീ സമൂഹമാണ്. 18 രൂപായോടെ, കൂനമ്മാവിലെ ചെറിയ പനമ്പുമഠത്തിൽ നിന്നും ആരംഭിച്ച്, ഏഷ്യാ, ആഫ്രിക്ക, അമേരിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിലായി ഇന്ന് വ്യാപിച്ചു കിടക്കുന്ന ഈ സമർപ്പിതസമൂഹത്തിന്റെ ചരിത്രം

ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ചരിത്രമാണ്.

## വിജ്ഞാപനം I

*ആർഷഭാരതസംസ്ക്കാരത്തിൽ വേരൂന്നി, മാർ ത്തോമ്മാക്രിസ്ത്യാനികളുടെ ആത്മീയ പൈതൃകത്താൽ പരിപോഷിതമായി, വിശ്രുതമായ കർമ്മലീത്താ തറവാട്ടിലെ ഉപശാഖയായി. സമയത്തിന്റെ തികവിൽ* CMC *രൂപം കൊണ്ടു. മച്ചിയായ കേരളസഭയിൽ വിശുദ്ധരുണ്ടാകുവാനും, ദൈവ ജനത്തിന്റെ, വിശിഷ്യാ സ്ത്രീകളുടെയും കുട്ടികളുടെയും ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി പരിശ്രമിക്കുവാനും വേണ്ടി ദൈവത്താൽ പ്രത്യേകവിധം തെരഞ്ഞെടുക്കപ്പെട്ടവരാണ്* CMC *മക്കൾ. ദൈവം നമുക്കു ദാനമായി നൽകിയ ഈ വിളിയോർത്ത് നന്ദി പറയുന്നതോടൊപ്പം ഈ പുണ്യസങ്കേതത്തിൽ പാർക്കാൻ കൃപ ലഭിച്ചതോർത്ത് അഭിമാനത്തോടെ സങ്കീർത്തകനെപ്പോലെ നമുക്കും കൃതജ്ഞതാഗീതം ആലപിക്കാം...*

## സങ്കീർത്തനം 84

(ഇരുഗണമായി ചൊല്ലുന്നു)

I സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം!

II എന്റെ ആത്മാവു കർത്താവിൻെറ അങ്കണത്തിലെത്താൻ വാഞ്ഛിച്ചു തളരുന്നു; എന്റെ മനസ്സും ശരീരവും ജീവിക്കുന്നവനായ ദൈവത്തിന് ആനന്ദഗാനമാലപിക്കുന്നു.

I എൻെറ രാജാവും ദൈവവുമായ സൈന്യങ്ങളുടെ കർത്താവേ, കുരികിൽപ്പക്ഷി ഒരു സങ്കേതവും മീവൽപ്പക്ഷി കുഞ്ഞിന് ഒരു കൂടും അങ്ങയുടെ ബലിപീഠത്തിങ്കൽ കണ്ടെത്തുന്നുവല്ലോ.

II എന്നേക്കും അങ്ങയെ കണ്ടെത്തിയവർ ഭാഗ്യവാൻമാർ; അവരുടെ ഹൃദയത്തിൽ സീയോനിലേ

ക്കുള്ള രാജവീഥികളുണ്ട്.

I ബാക്കാത്താഴ്‌വരയിലൂടെ കടന്നുപോകുമ്പോൾ അവർ അതിനെ നീരുറവകളുടെ താഴ്‌വരയാക്കുന്നു; ശരത്കാലവൃഷ്ടി അതിനെ ജലാശയങ്ങൾകൊണ്ടു നിറയ്ക്കുന്നു.

II അവർ കൂടുതൽ കൂടുതൽ ശക്തിയാർജിക്കുന്നു; അവർ ദൈവത്തെ സീയോനിൽ ദർശിക്കും.

I സൈന്യങ്ങളുടെ ദൈവമായ കർത്താവേ, എന്റെ പ്രാർഥന ശ്രവിക്കണമേ! യാക്കോബിൻെറ ദൈവമേ, ചെവികൊള്ളണമേ!

II ഞങ്ങളുടെ പരിചയായ ദൈവമേ, അങ്ങയുടെ അഭിഷിക്തനെ കടാക്ഷിക്കണമേ!

I അന്യസ്ഥലത്ത് ആയിരം ദിവസത്തെക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നതു കൂടുതൽ അഭികാമ്യമാണ്;

II ദുഷ്ടതയുടെ കൂടാരങ്ങളിൽ വാഴുന്നതിനെക്കാൾ, എൻെറ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവൽക്കാരനാകാനാണു ഞാൻ ആഗ്രഹിക്കുന്നത്.

I എന്തെന്നാൽ, ദൈവമായ കർത്താവുസൂര്യനും പരിചയുമാണ്; അവിടുന്നു കൃപയും ബഹുമതിയും നൽകുന്നു; പരമാർഥതയോടെ വ്യാപരിക്കുന്നവർക്ക് ഒരു നൻമയും അവിടുന്നു നിഷേധിക്കുകയില്ല.

II സൈന്യങ്ങളുടെ കർത്താവേ, അങ്ങയിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.

## വിജ്ഞാപനം II

*വി. ജോൺ പോൾ രണ്ടാമൻ പാപ്പാ സന്യാസവിളിയുടെ മഹത്വത്തെയും പ്രസക്തിയെയും കുറിച്ച് ഇപ്രകാരം പറ*

*യുന്നു: 'ഈശോയുടെ മാതൃകയിലും പ്രബോധനത്തിലും അടിയുറച്ച സമർപ്പിതജീവിതത്തിലേയ്ക്കു വിളിക്കപ്പെട്ടവർ ഭാഗ്യവാന്മാരാണ്. സമർപ്പിതസമൂഹങ്ങളുടെ നവീകരണത്തിന് സ്ഥാപകരുടെ പ്രത്യേക ചൈതന്യവും ലക്ഷ്യങ്ങളും പാരമ്പര്യങ്ങളും വിശ്വസ്തതാപൂർവ്വം അനുസരിക്കുകയും പരിരക്ഷിക്കുകയും വേണം.' ഈ സഭാസ്ഥാപനദിനത്തിൽ നമ്മുടെ സ്ഥാപകപിതാക്കന്മാർ വിഭാവനം ചെയ്തതും പഠിപ്പിച്ചതും പരിശീലിപ്പിച്ചതുമായ പ്രബോധനങ്ങൾ പ്രാർത്ഥനാപൂർവ്വം നമുക്ക് അനുസ്മരിക്കാം.*

I ''എപ്പോഴും ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, തന്റെ കൺമുമ്പിൽ ഇരിപ്പിൻ, തന്റെ അരികെ നടപ്പിൻ, എപ്പോഴും തന്നോടു സംസാരിപ്പിൻ.''

II ''മുല്ലപ്പൂ പോലെയായിരിക്കണം നിങ്ങൾ. അതിൽ അൽപമായിട്ടുള്ള പൊടിവീണാൽ അതിന്റെ ശോഭയൊക്കെയും മങ്ങിപ്പോകുന്നപോലെ മുല്ലപ്പൂവായിരിക്കുന്ന കന്യാവ്രതം പൊടിയാൽ മങ്ങിപ്പോകാതിരിക്കാൻ നിങ്ങൾ എത്രയും സൂക്ഷിച്ചുകൊള്ളണം. നിങ്ങളുടെ സർവ്വപ്രവൃത്തികളും, തിന്നുന്നതും ഇരിക്കുന്നതും നടക്കുന്നതുമെല്ലാം മഹാ അടക്കത്തോടു കൂടെയായിരിക്കണം.''

III ''നിങ്ങൾ വേലയ്ക്കു പുറപ്പെടുമ്പോൾ ഈ വേലയിൽ നിങ്ങളുടെ ഹൃദയത്തിൽ ചെളി പറ്റാതിരിക്കുവാൻ ഈശോയുടെ ഓർമ്മ നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കട്ടെ. തന്നിൽ നിന്നകന്നാൽ ചെളിപറ്റാതിരിക്കയില്ല. അതിനാൽ ദൈവതിരുമനസ് കൈയിൽ പിടിച്ചുകൊണ്ടുവേണം വേലയ്ക്കു പോകുവാൻ.''

IV 'എളിമ, ചൊല്ലുവിളി, ഉപവി, അഗതിത്വം- ഇതിൽ ഒരു കൂട്ടമെങ്കിലും ഇല്ലാതാകുന്ന ദിവസത്തിൽ ഈ മഠം മുഴുവൻ ഇടിഞ്ഞുവീണ് നിങ്ങളെല്ലാ

വരും ഇതിൽ ചാകണമെന്നു ഞാൻ അപേക്ഷിക്കുന്നു.''

V ‘ശ്രേഷ്ഠത്തിയമ്മ കൽപിക്കുന്നതൊക്കെയും ആകാശം തുറന്നു ബാവാതമ്പുരാൻ തന്നെ അരുളിചെയ്യുന്നു എന്നു വിചാരിച്ചു കീഴ്വഴങ്ങണം. നിങ്ങൾ ചെയ്യുന്ന സർവ്വകാര്യങ്ങൾക്കും അനുവാദം ചോദിപ്പിൻ.''

VI ‘എന്റെ മക്കളേ, തന്നത്താൻ നന്നാവില്ല. തിട്ടം, തിട്ടം, തിട്ടം. പിന്നെയോ ധൈര്യമുള്ള മനസ്സു വേണം, പ്രവൃത്തി വേണം, അഭ്യാസം വേണം. എല്ലായ്പ്പോഴും മഹിമയുള്ള ഭാവവും മധുരശീലവും നിങ്ങൾക്കുണ്ടായിരിക്കണം.''

## വിജ്ഞാപനം III

*പ്രണിധാനത്തിലൂടെ ദൈവത്തോട് ചേർന്നിരിക്കാനും കർമ്മത്തിലൂടെ അവിടുത്തേയ്ക്ക് അർപ്പിതരാകാനുമുള്ള നമ്മുടെ വിളി വിശുദ്ധിയിലേയ്ക്കാണ് എന്ന ആഴമായ ബോധ്യത്തോടെ സമർപ്പിതജീവിതത്തിന്റെ ആനന്ദത്തിനു സാക്ഷികളാകാൻ ഈ പുണ്യദിനം നമ്മെ അനുസ്മരിപ്പിക്കുന്നു. സ്ഥാപകചൈതന്യത്തോട് പരിപൂർണവിശ്വസ്തത പുലർത്തി, സുവിശേഷത്തിലെ ഈശോയെ അനുകരിക്കാനും, മലമുകളിലുയർത്തപ്പെട്ട പട്ടണം പോലെ പ്രഭ വിതറുന്ന ഒരു ജീവിതം നയിക്കാനും നമ്മെ വിളിച്ച ദൈവം നമ്മോട് നിരന്തരം ആവശ്യപ്പെടുന്നത് തിരിച്ചറിയാം.*

## സുവിശേഷഗീതം

**വായന** (റംശായിലേത്)

***(തുടർന്ന് റംശായിലെ കാറോസൂസാ)***

***(റംശാ തുടരുന്നു)***



# വിശുദ്ധ യൗസേപ്പിതാവ്

## മാർച്ച് 19

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** സുറിയാനിഭാഷയിൽ യൗസേപ്പ് എന്നാൽ അർത്ഥമാക്കുന്നത് സമൃദ്ധി, വളർച്ച, ഐശ്വ ര്യം എന്നിങ്ങനെയാണ്. ദൈവത്തോടൊത്താ യിരിക്കുക എന്നതാണ് മനുഷ്യനെ സംബന്ധി ച്ചിടത്തോളം സമൃദ്ധി. പരിശുദ്ധ കന്യകാമറിയം ഒഴികെ യാതൊരു മനുഷ്യനും, യൗസേപ്പിതാവി നെപ്പോലെ സകലത്തിന്റെയും ഉറവിടവും കാ രണവുമായ മിശിഹായെ സ്നേഹിക്കുന്നതിനും സമീപിക്കുന്നതിനും സാധിച്ചിട്ടില്ല. അതിനാൽ ദൈവാനുഗ്രഹവും വിശുദ്ധിയും പിതാവിന് കൂടുതലായി ലഭിച്ചിട്ടുണ്ട്. പിതാവായ ദൈവ ത്തിന്റെ പ്രതിനിധിയായി, പുത്രനായ ദൈവ ത്തെ സംരക്ഷിക്കുന്നതിനുവേണ്ടി നസ്രത്തിലെ ചെറുഭവനത്തിൽ വസിച്ച മനുഷ്യനും ദൈവ വുമായ മിശിഹായുടെ വളർത്തുപിതാവാണ്

വി. യൗസേപ്പ്. സ്വർഗ്ഗരാജ്ഞിയുടെ സ്നേഹമണവാളനാണവിടുന്ന്. ഈശോയുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും മൈത്രിയിൽനിന്നും സഹവാസത്തിൽനിന്നും എത്രമാത്രം അനുഗ്രഹം വിശുദ്ധനിലേയ്ക്ക് ഒഴുകിയിരിക്കുന്നു. ഈ വിശുദ്ധന്റെ അനുഗ്രഹം നാമേറ്റുവാങ്ങുന്നതിനായി വി. യൗസേപ്പിതാവിൽ നമുക്കു ശരണപ്പെടാം.

## വിജ്ഞാപനം I

*പരിശുദ്ധ കന്യകാമറിയം കഴിഞ്ഞാൽ നമ്മുടെ സവിശേഷമായ ഭക്തി വണക്കങ്ങൾക്ക് അർഹനാണ്. വി. യൗസേപ്പ്, പിതാവായ ദൈവത്തിന്റെ സ്ഥാനക്കാരനും, പുത്രനായ ദൈവത്തിന്റെ വളർത്തുപിതാവും, പരിശുദ്ധാത്മാവിന്റെ മണവാട്ടിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിരക്ത ഭർത്താവുമായതിനാൽ മറ്റു സകല വിശുദ്ധരേക്കാൾ നമ്മുടെ വണക്കത്തിനർഹനാണ്. വി. യൗസേപ്പ് രക്ഷാകരപദ്ധതിയിൽ വഹിച്ച സമുന്നതമായ സ്ഥാനം പരിഗണിക്കുമ്പോൾ നമ്മുടെ ഭക്ത്യാദരവുകൾക്ക് അർഹനാണ്. ഇതിനെ പരാമർശിക്കുന്ന തിരുവചനം ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും നമുക്കിപ്പോൾ ശ്രവിക്കാം.*

### വായന: ഏശയ്യാ 41:8–16

**സമൂ.:** ദൈവമായ കർത്താവിനു സ്തുതി.

## വിചിന്തനം

നിശബ്ദതയുടെ വിശുദ്ധനായി ബൈബിളിന്റെ ഏടുകളിൽ ചിത്രീകരിക്കപ്പെടുന്ന വി. യൗസേപ്പിതാവ് തന്റെ ജീവിതത്തിലെ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളുടെ മധ്യേ ദൈവപിതാവിന്റെ പരിപാലനാപരമായ സ്നേഹത്തിൽ പ്രത്യാശയർപ്പിച്ച് നടന്നുനീങ്ങിയ വ്യക്തിയാണ്. ദൈവം കാണിച്ചുകൊടുത്ത വഴിയെ വിശ്വാസത്തോടെ

പ്രത്യാശപൂർവ്വം അദ്ദേഹം മുന്നോട്ടുനീങ്ങി. തന്റെ കർത്ത വ്യങ്ങൾ അതിന്റെ പൂർണതയിൽ നിശബ്ദനായി ചെയ്തു കൊണ്ട് മറിയത്തിനും ഈശോയ്ക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഒരു പുണ്യധീരനും കർമ്മയോഗിയുമാണ് വി. യൗസേപ്പിതാവ്. തന്നെ നയിക്കുന്ന നല്ലിടയനായ ദൈവ ത്തിന്റെ കരങ്ങളിൽ സമ്പൂർണ്ണമായി സമർപ്പിച്ച് അവിടുന്ന് കാണിച്ചുകൊടുക്കുന്ന പുൽമേടുകളിൽ വിശ്രമിച്ച് അവി ടുത്തെ മാറിൽ ശാന്തമായി കിടന്നുറങ്ങിയ ആ ജീവിതത്തെ നയിച്ചത് സങ്കീർത്തകന്റെ വാക്കുകളായിരുന്നു. ദൈവത്തിന്റെ ഈ സ്നേഹഇടപെടൽ നമ്മുടെ ജീവിതത്തിലും പഠിക്കാ നാഗ്രഹിച്ചുകൊണ്ട് 23-ാം സങ്കീർത്തനം ഇരുഗണമായി ഭക്തിപൂർവ്വം ആലപിക്കാം.

## സങ്കീർത്തനം 23

(ഇരുഗണമായി ചൊല്ലുന്നു)

കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നി നും കുറവുണ്ടാവുകയില്ല.

പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്കു വിശ്രമമരുളുന്നു; പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു.

അവിടുന്ന് എനിക്ക് ഉൻമേഷം നൽകുന്നു; തന്റെ നാമത്തെപ്രതി നീതിയുടെ പാതയിൽ എന്നെ ന യിക്കുന്നു.

മരണത്തിന്റെ നിഴൽ വീണതാഴ്‌വരയിലൂടെയാ ണു ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു കൂടെയു ള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല;

അങ്ങയുടെ ഊന്നുവടിയുംദണ്ഡും എനിക്ക് ഉറപ്പേ കുന്നു.

എൻെറ ശത്രുക്കളുടെ മുൻപിൽ അവിടുന്ന് എനിക്കു വിരുന്നൊരുക്കുന്നു;

എൻെറ ശിരസ്സു തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു; എൻെറ പാനപാത്രം കവിഞ്ഞൊഴുകുന്നു.

അവിടുത്തെ നൻമയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും; കർത്താവിൻെറ ആലയത്തിൽ ഞാൻ എന്നേക്കും വസിക്കും.

## വിജ്ഞാപനം II

*കന്യകകളുടെ കാവൽക്കാരനായ വി. യൗസേപ്പിതാവിന്റെ ജീവിതത്തിലേക്കു കടന്നുചെല്ലുമ്പോൾ ആ ധന്യജീവിതത്തിൽ തരണം ചെയ്യേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങൾ നിരവധിയായിരുന്നുവെന്ന് നമുക്കു മനസ്സിലാക്കാം. മറിയത്തെ അപമാനിതയാക്കാൻ ഇഷ്ടപ്പെടാത്ത യൗസേപ്പിതാവ് ദുർഘടങ്ങളായ ജീവിതസാഹചര്യങ്ങളെ നിശ്ശബ്ദതയോടെ സ്വീകരിച്ച നീതിമാനായിരുന്നു. ബൈബിളിന്റെ താളുകളിൽ വളരെ കുറച്ചുമാത്രം പ്രതിപാദിക്കപ്പെടുന്ന വി. യൗസേപ്പിതാവ് ഇന്നും നിശ്ശബ്ദനായി നിലകൊള്ളുന്നു. വി. യൗസേപ്പിതാവിന്റെ തിരുനാളാഘോഷിക്കുന്ന നമുക്ക് നിശബ്ദതയുടെ, ശൂന്യവത്കരണത്തിന്റെ, എളിമയുടെ ഈ മഹനീയ ജീവിതത്തെ തിരുവചനങ്ങളുടെ വെളിച്ചത്തിൽ ധ്യാനിക്കാം.*

## വായന : ഫിലി. 2:1–4

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## ഗാനം: (വി. യൗസേപ്പിതാവിന്റേത്)

## വിജ്ഞാപനം III

*'ഇതാ കർത്താവിന്റെ ദാസി', 'നിന്റെ വാക്ക് എന്നിൽ ഭവിക്കട്ടെ' എന്ന് മാതാവിനെപ്പോലെ നിശ്ശബ്ദമായി ഹൃദയത്തിൽ പ്രത്യുത്തരിച്ച് 'എന്റെ പിതാവിന്റെ ഹിതം നിറവേറ്റുക എന്നതാണ് എന്റെ ഭക്ഷണം' എന്ന് ഈശോയെപ്പോലെ തന്റെ പ്രവൃത്തികളിലൂടെ പ്രകടമാക്കി, അമ്മയ്ക്കും മകനും എളിമയോടെ ശുശ്രൂഷ ചെയ്ത വിശുദ്ധനാണ് നീതിമാനായ വി. യൗസേപ്പിതാവ്. ഒരു കൈയിൽ താൻ സംരക്ഷണം ഏറ്റെടുത്ത പരിശുദ്ധ അമ്മയുടെ പ്രതീകമായ ലില്ലിപ്പൂവും മറുകൈയിൽ ഉണ്ണീശോയുമായി ഏവരെയും പുഞ്ചിരിയോടെ നോക്കിനിൽക്കുന്ന ശാന്തതയുടെ മകുടം. ദാവീദുവംശത്തിൽ പിറന്നെങ്കിലും ഒരു തച്ചന്റെ ജോലി ചെയ്ത്, രാജാവായ ഈശോയുടെ വളർത്തുപിതാവായി മാറിയ വി. യൗസേപ്പിതാവ്. രക്ഷാകര പദ്ധതിയിൽ സഹകാരിയായ വിശുദ്ധ യൗസേപ്പിതാവിനെ സുവിശേഷങ്ങളിൽ നമുക്കു ദർശിക്കാം.*

## സുവിശേഷഗീതം

**വായന** (റംശായിലേത്)

## കാറോസൂസാ

**ശുശ്രൂ.:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും കൂടെ കന്യകകളുടെ കാവൽക്കാരനായ വി. യൗസേപ്പിതാവിനെ സ്നേഹത്തോടെ സ്മരിച്ചുകൊണ്ട് കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേയെന്ന് പ്രാർത്ഥിക്കാം.

**സമൂ.:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ.:** നിർമ്മലയായ പരിശുദ്ധ കന്യകയുടെ ഭർത്താവും ദൈവകുമാരന്റെ വളർത്തുപിതാവും തിരുക്കുടുംബത്തിന്റെ നാഥനുമായ വി. യൗസേപ്പിതാവിന്റെ

മദ്ധ്യസ്ഥതയാൽ ഞങ്ങളുടെ ഭവനങ്ങളെ അനുഗ്രഹിക്കണമേയെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.:** കർത്താവേ....

**ശുശ്രൂ. :** വി. യൗസേപ്പിതാവിന്റെ ആദർശനിഷ്ഠ, അന്യാദൃശ്യമായ ധാർമ്മികത, ആഴമേറിയ നീതിബോധം, അഗാധമായ ധ്യാനാത്മകത ഇവ ഞങ്ങളും സ്വന്തമാക്കുവാനുള്ള കൃപ തരണമേയെന്ന് കർത്താവേ അങ്ങോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.:** കർത്താവേ...

**ശുശ്രൂ.:** തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ അദ്ധ്വാനശീലവും അജ്ഞാതജീവിതവും എളിമയും ജീവിതലാളിത്യവും ഞങ്ങളിലേയ്ക്കു പകർത്തുവാനുള്ള കൃപയ്ക്കുവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# ദുക്റാനത്തിരുനാൾ

## ജൂലൈ 03

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** ഈശോയുടെ പന്ത്രണ്ട് ശിഷ്യരിൽ ഒരുവനായിരുന്ന തോമ്മാശ്ലീഹാ യൂദയാ രാജ്യത്ത് ഗലീലാ എന്ന ദേശത്ത് ജാതനായി. ഈശോയുടെ പ്രസംഗങ്ങളിലും പ്രവർത്തനങ്ങളിലും ആകൃഷ്ടനായ തോമ്മ തന്റെ സകലതും ഉപേക്ഷിച്ച് ഈശോയെ അനുഗമിച്ചു. ഈശോയുടെ ഉത്ഥാനാനന്തരം പന്തക്കുസ്തായ്ക്ക് ശേഷം, തികച്ചും വിദൂരത്തായി, തീർത്തും അപരിചിതമായ ഭാരതഭൂവിലേയ്ക്ക് സുവിശേഷവേലയ്ക്കായി യാത്ര തിരിച്ചത് ശ്ലീഹന്മാരിലെ ഏറ്റം ധൈര്യവാനായിരുന്ന തോമ്മാശ്ലീഹായാണ്. ഗുരുവിനോടൊപ്പം പോയി മരിക്കാൻ പണ്ടേതന്നെ തയ്യാറായിരുന്ന തോമ്മാശ്ലീഹാ തന്റെ ദൗത്യം ബോധ്യപ്പെട്ടപ്പോൾ ഇന്ത്യയിലേയ്ക്ക് കപ്പൽ കയറി. എ.ഡി. 52 ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ തോമ്മാശ്ലീഹാ രണ്ട് ദശാബ്ദക്കാലത്തെ തീക്ഷ്ണമായ പ്രേഷി

തപ്രവർത്തനത്തിനുശേഷം എ.ഡി. 72 ൽ മൈലാപ്പൂരിൽവച്ച് രക്തസാക്ഷിയായി. മാർത്തോമ്മ നസ്രാണിസഭ തങ്ങളുടെ പിതാവിനെ പ്രത്യേകമായി അനുസ്മരിക്കുന്ന ഈ പുണ്യദിനത്തിൽ ആ താതൻ നമുക്ക് കൈമാറിത്തന്ന വിശ്വാസ ദീപശിഖ നമ്മുടെ കൈകളിലിരുന്ന് എപ്രകാരമാണ് ജ്വലിക്കുന്നത് എന്ന് നമുക്ക് ചിന്തിക്കാം.

## വിജ്ഞാപനം I

*'കർത്താവേ അങ്ങ് എവിടേയ്ക്കാണ് പോകുന്നതെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ പിന്നെ വഴി ഞങ്ങളെങ്ങനെ അറിയും' എന്ന വാക്കുകളിൽ തോമ്മാശ്ലീഹായുടെ ആത്മാർത്ഥത നമുക്ക് ദർശിക്കാം. തനിക്ക് ലഭിച്ച ഉത്തരം അതിന്റെ പൂർണ്ണതയിൽ പ്രചരിപ്പിക്കുവാൻ പിതാവ് അത്യധ്വാനം ചെയ്തു. ലോകത്തിന്റെ ഏതു കോണിലും എത്തിച്ചേർന്ന് സുവിശേഷം പ്രസംഗിക്കുവാനും ഈശോയിലേക്ക് ജനങ്ങളെ ആകർഷിക്കാനും മാർ തോമ്മാശ്ലീഹാ ഇറങ്ങിപ്പുറപ്പെട്ടു. ഇപ്രകാരം തനിക്കായി മാറ്റി നിർത്തപ്പെട്ടവരെ ദൈവം എപ്രകാരമാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുന്ന ഭാഗം ജെറമിയ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് നമുക്ക് ശ്രവിക്കാം.*

### വായന: ജറ. 1/4-10

**സമൂ.:** ദൈവമായ കർത്താവിനു സ്തുതി

### ഗാനം: (വി. തോമാശ്ലീഹായുടേത്)

## വിജ്ഞാപനം II

*മിശിഹായുടെ സുവിശേഷ ദൗത്യവുമായി ഭാരതത്തിലേയ്ക്ക് ജനങ്ങളെ ആകർഷിക്കാനും ഇറങ്ങിത്തിരിച്ച തോമ്മാശ്ലീഹായുടെ മരണത്തിരുനാൾ ആണ്ടുതോറും ജൂലൈ 3 ന് ''ദുക്റാന'' എന്ന പേരിൽ മാർതോമ്മാ ക്രിസ്ത്യാനികൾ ആചരിച്ച് പോരുന്നു. ദുക്റാന എന്ന സുറിയാനി പദത്തിന്റെ അർത്ഥം ''അനുസ്മരണം'' എന്നാണ്. തങ്ങളുടെ പൂർവ്വികർക്ക് ക്രൈസ്തവവിശ്വാസം പകർന്നുകൊടുത്ത പുണ്യതാതന്റെ രക്തസാക്ഷിത്വത്തിന്റെ ഓർ*

*മ്മയാണ് ഈ ദിവസം ആചരിക്കുന്നത്. തന്റെ ജീവിതത്തിന്റെ പ്രകാശമായി, കോട്ടയായി, ധൈര്യമായി ദൈവത്തെ മാത്രം ഏറ്റുപറഞ്ഞ നമ്മുടെ പിതാവിന്റെ മനോഭാവത്തോടെ 27-ാം സങ്കീർത്തനം ഇരുഗണമായി നമുക്ക് ചൊല്ലാം.*

## സങ്കീർത്തനം 27:1–6

(ഇരുഗണമായി ചൊല്ലുന്നു)

കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്, ഞാൻ ആരെ ഭയപ്പെടണം?

കർത്താവ് എൻെറ ജീവിതത്തിനു കോട്ടയാണ്, ഞാൻ ആരെ പേടിക്കണം?

എതിരാളികളും ശത്രുക്കളുമായ ദുർവൃത്തർ ദുരാരോപണങ്ങളുമായിഎന്നെ ആക്രമിക്കുമ്പോൾ, അവർ തന്നെ കാലിടറി വീഴും.

ഒരു സൈന്യം തന്നെ എനിക്കെതിരേപാളയമടിച്ചാലും എൻെറ ഹൃദയം ഭയം അറിയുകയില്ല; എനിക്കെതിരേ യുദ്ധമുണ്ടായാലും ഞാൻ ആത്മധൈര്യം വെടിയുകയില്ല.

ഒരു കാര്യം ഞാൻ കർത്താവിനോട്അപേക്ഷിക്കുന്നു; ഒരു കാര്യം മാത്രം ഞാൻ തേടുന്നു;

കർത്താവിൻെറ മാധുര്യം ആസ്വദിക്കാനും കർത്താവിന്റെ ആലയത്തിൽഅവിടുത്തെ ഹിതം ആരായാനും വേണ്ടി ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻതന്നെ.

ക്ളേശകാലത്ത് അവിടുന്നു തൻെറ ആലയത്തിൽ എനിക്ക് അഭയംനൽകും; തൻെറ കൂടാരത്തിനുള്ളിൽ എന്നെ ഒളിപ്പിക്കും;

എന്നെ ഉയർന്ന പാറമേൽ നിറുത്തും. എന്നെ വലയം ചെയ്യുന്നശത്രുക്കളുടെ മുകളിൽ എൻെറ ശിരസ്സ് ഉയർന്നു നിൽക്കും;

ആഹ്ളാദാരവത്തോടെ അവിടുത്തെകൂടാരത്തിൽ ഞാൻ ബലികളർപ്പിക്കും; ഞാൻ വാദ്യഘോഷത്തോടെ കർത്താവിനെ സ്തുതിക്കും.

## വിജ്ഞാപനം III

*തോമ്മാശ്ലീഹാ സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മൂന്നാമത്തെ രംഗം പ്രസിദ്ധമാണ്. ഈശോയുടെ മരണശേഷം ശ്ലീഹന്മാർ കതകടച്ച് ഒളിച്ചിരുന്ന അവസരത്തിൽ മുറിക്കുള്ളിൽ ഈശോ പ്രത്യക്ഷപ്പെട്ട് അവർക്ക് സമാധാനം ആശംസിച്ചു. ഈ അവസരത്തിൽ സന്ദർഭവശാൽ തോമ്മാശ്ലീഹാ മുറിയിൽ ഉണ്ടായിരുന്നില്ല. തിരിച്ചുവന്ന അവസരത്തിൽ, ഉത്ഥിതനായ മിശിഹാ മറ്റ് ശിഷ്യർക്ക് ദർശനമരുളയതിനാൽ അദ്ദേഹത്തിന് അതീവ ദുഃഖമുണ്ടായി. അതിനാൽ തന്നെ അദ്ദേഹം ശാഠ്യം പിടിച്ചു. ഇപ്രകാരം വികാരപാരവശ്യത്തിൽ മുങ്ങിയ തോമ്മാശ്ലീഹായുടെ ദൈവദർശനത്തെ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും നമുക്കിപ്പോൾ ശ്രവിക്കാം.*

### **വായന** (റംശായിലേത്)

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

## വിചിന്തനം

അപ്രതീക്ഷിതമായി ഈശോയെ കണ്ടപ്പോൾ തോമ്മാശ്ലീഹായ്ക്കുണ്ടായ ആശ്ചര്യപ്രകടനമാണ്. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന വാക്കുകൾ. ഇത് ഈശോയുടെ മനുഷ്യത്വവും ദൈവത്വവും പരമാധികാരവും പ്രഖ്യാപിക്കുന്ന ഒരു പ്രസ്താവനയായിരുന്നു. അദ്ദേഹത്തിന്റെ അർത്ഥവത്തായ ഈ വാക്കുകൾ നാം ശ്രദ്ധിച്ചാൽ അദ്ദേഹത്തിനുള്ള പാണ്ഡിത്യവും ഈശോയോടുള്ള സ്നേഹവും നമുക്ക് ഗ്രഹിക്കുവാനാകും. തോമ്മാശ്ലീഹായുടെ ഉത്തരം കേട്ട് പുഞ്ചിരിച്ചുകൊണ്ട് ഈശോ പറഞ്ഞു. ''തോമ്മാ, നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവൻ അനുഗ്രഹീതനാകുന്നു'' എന്ന്. ഈശോയുടെ ഈ തിരുവചനം ലോകാവസാനം വരെ തന്നിൽ വിശ്വസിക്കുന്നതിന് ജനസമൂഹത്തിന് പ്രചോദനമേകുന്ന ഒന്നാണ്.

### ഗാനം: (തോമാശ്ലീഹായുടേത്)

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# പരിശുദ്ധ കർമ്മലമാതാവ്

## ജൂലൈ 16

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** കർമ്മല, പാലസ്തീനായിലെ ഹൈഫാ തുറമുഖത്തുനിന്ന് 556 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന വനനിബിഡമായ മനോഹരപ്രദേശമാണ്. ബി.സി. 900–ൽ ഏലിയാസ് പ്രവാചകനും പിൻഗാമി ഏലിശ്വായും ഒരു ഭക്തസമൂഹവും കർമ്മലമലയുടെ പ്രാന്തപ്രദേശങ്ങളിൽ വസിച്ചിരുന്നു. അവർ പ്രാർത്ഥനയിലും മൗനത്തിലും തപക്രിയകളിലും മുഴുകി ജീവിച്ചു. ഇവരുടെ ജീവിതവിശുദ്ധിയിൽ ആകൃഷ്ടരായി അനേകർ ഇവരുടെ സമൂഹത്തിൽ വന്നുചേർന്നു. ശിഷ്യഗണം വർദ്ധിച്ചപ്പോൾ ഏതാനും പേർ ''കരീത്ത്'' അരുവിയുടെ പ്രാന്തപ്രദേശങ്ങളിലേക്കു പോയി പാർത്തു.

പാരീസ് സർവ്വകലാശാലയിൽനിന്ന് ഉന്നത ബിരുദംനേടിയ വി. ബർത്തോൾഡ്, കർമ്മലമലയിലെ സന്യാസികളുടെ ജീവിതരീതിയിൽ ആകർഷിക്കപ്പെട്ട് അവരുടെ സമൂഹത്തിൽ ചെന്നു

ചേർന്നു. ക്രമേണ ഫ്രഞ്ചു സന്യാസികളുടെ പ്രിയോരായി. ഇന്നത്തെ രൂപത്തിലുള്ള കർമ്മലീത്താസഭയുടെ സ്ഥാപകൻ വി. ബർത്തോൾഡ് തന്നെയാണ്. ഈ കാലഘട്ടത്തിൽ ഈ സന്യാസസംഘം യൂറോപ്പിലേക്കു വ്യാപിച്ചു. 1195-ൽ വി. ബർത്തോൾഡ് ചരമം പ്രാപിക്കുകയും ആ സ്ഥാനത്തേക്ക് വി. ബ്രോക്കാർഡ് നിയമിതനാവുകയും ചെയ്തു. അദ്ദേഹത്തിന്റെ 36 വർഷത്തെ ഭരണകാലത്ത് ആ സന്യാസസമൂഹം പടർന്നു പന്തലിച്ചു. വി. ബ്രോക്കാർഡിന്റെ അഭ്യർത്ഥന അനുസരിച്ച് ജറുസലേം പാത്രിയാർക്കീസ് വി. ആൽബെർട്ട് ആ സമൂഹത്തിന്റെ നിയമാവലി എഴുതിയുണ്ടാക്കി അംഗീകരിച്ചു കൊടുത്തു. ആ നിയമാവലിയുടെ പശ്ചാത്തലത്തിൽ പാശ്ചാത്യരാജ്യങ്ങളിൽ കർമ്മലീത്താ സമൂഹം വളർന്നുവന്നു. ഇംഗ്ലണ്ടിൽ, എയിൽസ് ഫോർഡിലെ ആശ്രമത്തിലായിരുന്ന കർമ്മലീത്താ സുപ്പീരിയർ ജനറൽ വി. സൈമൺ സ്റ്റോക്ക്, 1251 ജൂലൈ 16-ാം തീയതി അർത്ഥരാത്രി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, വാനവഗണങ്ങളുടെ അകമ്പടിയോടുകൂടി പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട് കർമ്മലോത്തരീയം നൽകിക്കൊണ്ട് പറഞ്ഞു: ''എന്റെ സാഹോദര്യത്തിന്റെ അടയാളവും രക്ഷയുടെ അച്ചാരവുമായ കർമ്മലോത്തരീയം സ്വീകരിക്കുക. ഈ ഉത്തരീയം ധരിച്ചുമരിക്കുന്നവർ നശിക്കുകയില്ല.'' ഈ സംഭവം പെട്ടെന്ന് യൂറോപ്പ് മുഴുവനും ക്രമേണ ലോകമാസകലവും പ്രചരിച്ചു.

## വിജ്ഞാപനം I

*ഇസ്രായേലിന്റെ വരൾച്ചയിൽ മഴയ്ക്കുവേണ്ടി വി. ഏലിയാ പ്രാർത്ഥിച്ചപ്പോൾ മനുഷ്യകരത്തോളം വലിപ്പമുള്ള ഒരു മേഘം സമുദ്രത്തിൽനിന്ന് ഉയർന്നുവരുന്നത് കണ്ടു.*

*ആ മേഘത്തിൽ പരിശുദ്ധ കന്യകയുടെ പ്രതിരൂപം പ്രവാചകൻ ദർശിച്ചു.*

*വി. ബർത്തോൾഡിന്റെ കാലത്ത് ശിഷ്യരായ വനവാസികൾ, മാതാവിനോടുള്ള വണക്കത്തിനായി ഒരു ചെറിയ പ്രാർത്ഥനാലയം സ്ഥാപിച്ചു. അങ്ങനെ മരിയഭക്തിയുടെ ഉറവിടമായിത്തീർന്നു കർമ്മലമല. യോഗാത്മക പ്രാർത്ഥനയുടെയും ഏകാന്തതയുടെയും താപസികതയുടെയും പ്രതീകം കൂടിയാണത്. ഇവയെല്ലാം ബന്ധപ്പെടുത്തിക്കൊണ്ടുള്ള ആദ്ധ്യാത്മികതയാണ് നമ്മുടെ സ്ഥാപക പിതാക്കന്മാർ. നമുക്കു തന്നത് – "പ്രണിധാന പ്രവർത്തന സമന്വയത്തിലൂടെ ആത്മവിശുദ്ധിയും, ദൈവജനത്തിന്റെ വിശിഷ്യാ സ്ത്രീകളുടെയും കുട്ടികളുടെയും രക്ഷാകരസമുദ്ധാരണവും" എന്നതാണ് നമ്മുടെ സ്ഥാപകസിദ്ധി. നമ്മുടെ സഭയുടെ സംരക്ഷകയും മദ്ധ്യസ്ഥയുമായ പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ പുണ്യദിനത്തിൽ കാരിസം എങ്ങനെ ജീവിക്കുന്നുവെന്ന് ആത്മാർത്ഥമായി ആത്മപരിശോധന ചെയ്യുക ആവശ്യമാണ്. കർമ്മലയിലെ സന്യാസസമൂഹവും പരിശുദ്ധ കന്യകാമറിയവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന തിരുവചനഭാഗം നമുക്ക് ശ്രവിക്കാം.*

**വായന: 1 രാജാ. 18:41–45**

**സമൂ:** ദൈവമായ കർത്താവിന് സ്തുതി.

**ഗാനം: (പരിശുദ്ധ അമ്മയെക്കുറിച്ച്)**

**വിജ്ഞാപനം II**

*ആബാനുഭവം, ആത്മാവിൽ അധിവസിക്കുന്ന ദൈവസാന്നിദ്ധ്യത്തെക്കുറിച്ചുള്ള നിരന്തരമായ അവബോധം, ദൈവപരിപാലനയിലുള്ള സുദൃഢമായ വിശ്വാസം, നിരുപാധികമായ പ്രത്യാശ, വിനയാന്വിതമായും സന്തോഷത്തോടെയും നിരന്തരം ദൈവഹിതം ആരാഞ്ഞ് അനുവർത്തിക്കാൻ പോരുന്ന സമ്പൂർണ്ണ സമർപ്പണം ഇവയിൽ അധിഷ്ഠിതമായ*

*ദൈവാനുഭവമാണ് സ്ഥാപകപിതാക്കന്മാരിൽനിന്ന് നാം സ്വീകരിച്ചിട്ടുള്ള പൈതൃകം. ദൈവതൃക്കരങ്ങളിൽ സ്വയം സമർപ്പിക്കുന്നവൻ അഗ്നിയിൽ സ്വർണ്ണമെന്നതുപോലെ സഹനങ്ങളുടെ തീച്ചൂളയിൽ ശുദ്ധി ചെയ്യപ്പെടും. കാരണം പരമപരിശുദ്ധിയിലേക്ക് ഐക്യപ്പെടുവാൻ പരിശുദ്ധമായവക്ക് മാത്രമേ സാധിക്കൂ.*

*നമ്മുടെ ദൈവത്തിന്റെ ശക്തിയും രക്ഷയും രാജ്യവും അധികാരവും ഹൃദയങ്ങളിൽ അനുഭവിക്കുവാൻ കഴിയുമ്പോഴാണ് പിതാക്കന്മാരുടെ സ്വപ്നം പൂവണിയുന്നത്. അതിന് പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യവും അത്യന്താപേക്ഷിതമാണ്. നാരകീയശക്തിയെ തകർക്കുന്ന പരിശുദ്ധ അമ്മയെക്കുറിച്ച് പ്രതിപാദിക്കുന്ന തിരുവചനഭാഗം നമുക്ക് ശ്രവിക്കാം.*

### വായന: വെളി. 12:1–10

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

### ഗാനം: (പരിശുദ്ധ അമ്മയെക്കുറിച്ച്)

### വിജ്ഞാപനം III

*ഉള്ളിൽ തമ്പുരാന്റെ സ്നേഹം അനുഭവിച്ച് സഹോദരങ്ങളിലേക്ക് ഇറങ്ങാനുള്ള രാജവീഥിയാണ്, പ്രാർത്ഥനയും പ്രവർത്തനവും തമ്മിലുള്ള സമന്വയത്തിലൂടെ ഓരോ കർമ്മലകന്യകയ്ക്ക് മുമ്പിലും തുറക്കപ്പെടുന്നത്. സ്വാർത്ഥതയാകുന്ന പൈശാചികത നമ്മെ തകർക്കുന്ന ഈ യാത്രയിൽ നമുക്ക് കർമ്മലാംബയോട് ചേർന്ന് നിൽക്കാം. നാരകീയശക്തികളെ തകർക്കുന്ന അമ്മയുടെ കാപ്പയിൻകീഴിൽ അഭയം ഗമിച്ച് നമ്മുടെ സമർപ്പണം ആഴത്തിൽ ജീവിക്കുവാൻ ആവശ്യമായ കരുത്തും ജ്ഞാനവും കൃപയും ലഭിക്കുന്നതിനായി അല്പനിമിഷം ധ്യാനപൂർവം ആയിരിക്കാം.*

### സുവിശേഷഗീതം

### വായന (റംശായിലേത്)

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി

## കാറോസൂസാ

**ശുശ്രൂ:** കാരുണ്യവാനായ നല്ല ദൈവമേ ശരീരത്തിലും ഹൃദയത്തിലും ദൈവവചനം സ്വീകരിച്ച് ലോകത്തിനു പ്രദാനം ചെയ്ത പരിശുദ്ധ അമ്മയെപ്പോലെ, ഞങ്ങളും സദാ ഈശോയെ ഹൃദയത്തിൽ സംവഹിക്കുവാനും ലോകത്തിനു പ്രദാനം ചെയ്യുവാനുമുള്ള കൃപയ്ക്കുവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.:** കർത്താവേ...

**ശുശ്രൂ:** കർത്താവായ ദൈവമേ ഈശോയുടെ പീഡാനുഭവവേളകളിലും കുരിശുമരണത്തിലും കൂടെനിന്ന് എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച പരിശുദ്ധ അമ്മയെപ്പോലെ അനുദിന ജീവിതത്തിലെ എല്ലാ സഹനങ്ങളും രക്ഷാകരമാക്കുന്നതിനുള്ള കൃപയ്ക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ...

**ശുശ്രൂ.:** നല്ല ദൈവമേ സി.എം.സി. സഭാംഗങ്ങൾ ആയ ഞങ്ങൾ എല്ലാവരും ഞങ്ങളുടെ കാരിസത്തിൽ ആഴപ്പെടുന്നതിനും മാനസികവും ആത്മീയവുമായ വരൾച്ചയിൽ നിന്നു വിമോചിതരാകുന്നതിനും വേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ...

**ശുശ്രൂ:** കരുണാനിധിയായ നല്ല ദൈവമേ, ഞങ്ങളെല്ലാവരും ഈശോയുടെ കൂടെ വസിച്ച്, മരിയസദൃശ്യരായി, ധ്യാനാത്മക പ്രാർത്ഥന അഭ്യസിച്ച് നിഷ്കാമ കർമ്മയോഗികളായിത്തീരുവാനുള്ള കൃപയ്ക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ...

*തുടർന്ന് റംശായിലെ കാറോസൂസാ*

*റംശാ തുടരുന്നു*



# മാതാവിന്റെ സ്വർഗ്ഗാരോപണം

## ആഗസ്റ്റ് 15

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയം, സ്ത്രീകളിൽ അത്യുന്നതയും സ്ത്രീകളുടെ മകുടവും, ത്രിലോകരാജ്ഞിയും, ദൈവകൃപയാൽ പൂരിതയുമാണ്. മാനുഷികദൃഷ്ടിയിൽ പാരതന്ത്ര്യമെന്ന് തോന്നാവുന്ന ദൈവഹിതത്തോടുള്ള വിധേയത്വത്തിലൂടെ അവൾ നേടിയെടുത്ത വലിയ സ്വാതന്ത്ര്യാനുഭവമാണ് അവളുടെ സ്വർഗ്ഗാരോപണം. പരിശുദ്ധ കന്യകയുടെ സ്വർഗ്ഗാരോപണതിരുനാൾ ദിനത്തിൽ തന്നെ നമ്മുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യദിനവും നാം ആഘോഷിക്കുന്നു. ആദ്യസ്ത്രീയായ ഹവ്വാമൂലം പാപത്തിന്റെ ബന്ധത്തിൽ മാനവരാശിയെ ദൈവഹിതത്തോടുള്ള കീഴ്‌വഴക്കം വഴി പരിശുദ്ധ മറിയം സ്വതന്ത്രമാക്കി. ശക്തമായ ഒരു സാമ്രാജ്യത്തിന്റെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന നമ്മുടെ രാഷ്ട്രം വലിയ വില നൽകി സ്വാതന്ത്ര്യം സ്വന്തമാക്കി. തന്റെ ജീവിതത്തിൽ ദൈവം അനു

വദിച്ചതിനെല്ലാം സ്തോത്രഗീതം പാടിയ പരിശുദ്ധ അമ്മയോട് ചേർന്ന് നമുക്ക് ഈ നിമിഷങ്ങളിൽ ആയിരിക്കാം.

## വിജ്ഞാപനം I

*സുറിയാനി സഭയിലെ കവിയും പണ്ഡിതനും വിശുദ്ധനുമായ മാർ അപ്രേമിന്റെ 'സ്തുതിഗീതത്തിൽ' ഇപ്രകാരം കാണുന്നു. 'കന്യകാമറിയത്തിന്റെ സ്തുതിക്കായ് എന്റെ കിന്നരമേ നിന്റെ ഗീതങ്ങൾ ഉണർത്തുക. ലോകത്തിന്റെ ജീവന് ജന്മമേകിയ ദാവീദിൻ പുത്രിയുടെ – കന്യകയുടെ അത്ഭുതചരിത്രം നിന്റെ സ്വരമുയർത്തി പാടുക. അവളുടെ കന്യാത്വം നിലനിർത്തിക്കൊണ്ട് തന്നെ ഈ കന്യക അമ്മയായി... ജ്ഞാനത്തിന്റെ സൃഷ്ടിയും ദാസിയുമായവൾ ദൈവത്തിന്റെ അമ്മയായി ഭവിച്ചു.' ദൈവികജ്ഞാനത്തിന്റെ പ്രഖ്യാപിത അടയാളമായി പരിശുദ്ധ അമ്മയെ വിവരിക്കുന്ന ഭാഗം പ്രഭാഷകന്റെ പുസ്തകത്തിൽനിന്ന് ശ്രവിക്കാം.*

**വായന: പ്രഭാഷകൻ 24:15–18**

**സാമൂ:** ദൈവമായ കർത്താവിനു സ്തുതി

**ഗാനം: പരിശുദ്ധ അമ്മയുടേത്**

## വിജ്ഞാപനം II

*ഹൃദയത്തിൽ നന്മയുള്ള വ്യക്തിയ്ക്കു മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യത്തോടെ അനുസരിക്കാൻ കഴിയൂ. ഏതു പ്രതികൂലസാഹചര്യത്തിലും ദൈവഹിതത്തോട് ഉപാധികൾ വയ്ക്കാതെ ആമ്മേൻ പറയുന്നവനെ ദൈവവും കരുതും. ഇതിന് മകുടോദാഹരണമാണ് നമ്മുടെ അമ്മ. കാൽകീഴിൽ നരകസർപ്പത്തിന്റെ തകർന്ന തലയും ശിരസിൽ മഹത്വത്തിന്റെ കിരീടവുമായി സ്വർഗ്ഗത്തിൽ വാഴുന്ന അമ്മയുടെ മക്കളായ നമുക്ക് അനുസരണത്തിലൂടെ കൈവരുന്ന അനുഗ്രഹങ്ങളെക്കുറിച്ച് തിരുവചനത്തിൽ നിന്ന് ശ്രവിക്കാം.*

**വായന: റോമ. 16:19–20**

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി

## വിചിന്തനം

സ്വയം ശൂന്യവൽക്കരിച്ച്, അനുസരണവും ദൈവഹിതത്തോടുള്ള വിധേയത്വവും പ്രകടമാക്കേണ്ട അവസരങ്ങൾ വരുമ്പോൾ നമ്മുടെ മനസിന്റെ ഭാവം എന്തെന്ന് നമുക്ക് മൗനമായി വിചിന്തനം ചെയ്യാം.

## ഗാനം: (പരിശുദ്ധ അമ്മയുടേത്)

## വിജ്ഞാപനം III

*ദൈവത്തിന്റെ കന്യകയായി ജീവിക്കാൻ ആഗ്രഹിച്ച പരിശുദ്ധ അമ്മയുടെ ജീവിതം നസ്രത്തു മുതൽ കാൽവരിവരെ വേദനകളുടെ ഘോഷയാത്രയായിരുന്നു. അതിന്റെയെല്ലാം പ്രതിഫലമെന്നോണം പരിശുദ്ധ അമ്മ ഇഹലോകവാസത്തിന്റെ അവസാനം ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേയ്ക്ക് ആരോപിതയായി വിജയശ്രീലാളിതയായി വിരാജിക്കുന്നു. കാലിത്തൊഴുത്തു മുതൽ കാൽവരിവരെ ദൈവഹിതത്തിനു പൂർണ്ണമനസ്സോടെ കീഴ്വഴങ്ങിയ പരിശുദ്ധ മറിയം ദൈവവചനത്തിന് നിരന്തരം ആമ്മേൻ പറഞ്ഞവളാണ്. പരിശുദ്ധ അമ്മയുടെ ആത്മീയ സാന്നിധ്യം എലിബസത്തിനെ അനുഗ്രഹീതയാക്കി. ജീവിതത്തിലുടനീളം തിരുവചനം ശ്രവിച്ച്, അവ പ്രാവർത്തികമാക്കുന്നതിൽ അമ്മ ബദ്ധശ്രദ്ധയായിരുന്നു. പരിശുദ്ധ അമ്മയെപ്പോലെ ജീവിതമാതൃകയിലൂടെ സഹോദരങ്ങളെ ഈശോയിലേയ്ക്കാനയിക്കുവാനുള്ള തീക്ഷ്ണത എത്രമാത്രം എനിക്കുണ്ട് എന്ന് കണ്ടെത്താം.*

## സുവിശേഷഗീതം

**വായന** (റംശായിലേത്)

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# വി. എവുപ്രാസ്യാമ്മ

## ആഗസ്റ്റ് 29

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ സ്ഥാപിതമായ ആദ്യ ഏതദ്ദേശീയ സന്യാസിനീ സമൂഹമായ കർമ്മലമാതാവിന്റെ സന്യാസിനീ സമൂഹത്തിന്റെ കാരിസം സ്വന്തമാക്കി വിശുദ്ധിയിൽ ജീവിച്ച് സി.എം.സി.യെയും കേരള ക്രൈസ്തവ സഭയേയും മാത്രമല്ല ലോകത്തെ മുഴുവനും ധന്യമാക്കിയ പുണ്യചരിതയാണ് വി. എവുപ്രാസ്യാമ്മ. തൃശ്ശൂർ ജില്ലയിൽ കാട്ടൂർ എന്ന ഗ്രാമത്തിൽ ചേർപ്പൂക്കാരൻ എലുവത്തിങ്കൽ അന്തോണിയുടേയും കുഞ്ഞേത്തിയുടെയും ഒൻപതു മക്കളിൽ മൂത്ത പുത്രിയായി എവുപ്രാസ്യാമ്മ 1877 ഒക്ടോബർ 17ന് ജനിച്ചു. 9-ാം വയസ്സിൽ കന്യാത്വം നിത്യമായി ദൈവത്തിന് സമർപ്പിച്ച റോസ, വെല്ലുവിളികൾക്ക് നടുവിലും ദിവ്യനാഥന്റെ വിളിക്ക് പ്രത്യുത്തരം നൽകി. 1989 ജനുവരി 10ന് സഭാവസ്ത്രം സ്വീകരിക്കുകയും 1900 മെയ് 24ന് വ്രതവാഗ്ദാനം നടത്തുകയും ചെയ്തു. തിരുഹൃദയ ഭക്തിയിലൂടെ

യും ദിവ്യകാരുണ്യനാഥനോടുള്ള വ്യക്തിപരമായ ബന്ധത്തിലൂടെയും വളർന്ന് പന്തലിച്ച ജീവിതം, സഹോദരങ്ങൾക്ക് താങ്ങും തണലും പകർന്നു കൊടുക്കുന്നതായിരുന്നു. ''മരിച്ചാലും മറക്കില്ലാട്ടോ'' എന്ന വാഗ്ദാനവുമായി 1952 ആഗസ്റ്റ് 29ന് നാഥന്റെ അടുത്തേക്ക് ഈ പുണ്യപുഷ്പം പറന്നുയർന്നു. കർമ്മലയിലെ ജ്യേഷ്ഠസഹോദരിയായ, പ്രാർത്ഥിക്കുന്ന അമ്മയുടെ സ്നേഹതീവ്രത ഹൃദയത്തിൽ നമുക്ക് ഏറ്റുവാങ്ങാം. പ്രാർത്ഥനയുടെ പ്രേഷിതയായി, തന്നെ സമീപിക്കുന്നവർക്കെല്ലാം ദൈവാനുഗ്രഹം സമ്മാനിച്ച അമ്മ വഴി ധാരാളം അനുഗ്രഹങ്ങൾ പ്രാപിച്ച് വിശുദ്ധ എവുപ്രാസ്യാമ്മയുടെ ജീവിതമാതൃക ജീവിതത്തിൽ പകർത്തുവാനുള്ള തീക്ഷ്ണതയോടെ നമുക്ക് പ്രാർത്ഥിക്കാം.

## വിജ്ഞാപനം I

*''പ്രാർത്ഥിക്കുന്ന അമ്മ'' ചേർപ്പൂക്കാരന്റെ പുണ്യപ്പെട്ട കന്യാസ്ത്രീ... അന്തരാത്മാവിൽ കുടുകൊള്ളുന്ന ത്രീയേക ദൈവത്തിൽ ദൃഷ്ടിയുറപ്പിച്ച്, കണ്ണുകൾ താഴ്ത്തി, പ്രാർത്ഥനാനിരതയായി സ്നേഹത്തിൽ ലയിച്ചുള്ള നടപ്പ് ഇവയെല്ലാം അമ്മയെ ദർശിക്കുന്നവരിൽ ദൈവീകചൈതന്യം ഉണർത്താൻ പര്യാപ്തമായിരുന്നു. ''ജീവിക്കുന്ന ദൈവത്തിന്റെ മുൻപിൽ ഞാൻ നിൽക്കുന്നു''- എന്ന ഏലിയാ പ്രവാചകന്റെ അനുഭമായിരുന്നു എവുപ്രവാസ്യാമ്മയ്ക്ക് എപ്പോഴും ഉണ്ടായിരുന്നത്. ഈ പ്രാർത്ഥനാനുഭവം പകർന്നു നൽകുന്ന തിരുവചനഭാഗം നമുക്കിപ്പോൾ ശ്രവിക്കാം.*

**വായന: 1 രാജാ. 19:9-14**

**സാമൂ:** ദൈവമായ കർത്താവിനു സ്തുതി

## വിചിന്തനം

എന്നെ സ്നേഹിക്കുന്ന കർത്താവ്, എന്റെ ചലനങ്ങൾ ഉറ്റുനോക്കുന്ന കർത്താവ്, എന്നിൽ സന്നിഹിതനാണ്, ഇതായിരുന്നു എവുപ്രാസ്യാമ്മക്ക് പ്രാർത്ഥന. എവുപ്രാസ്യാമ്മ തന്നെ പറയുന്നു ഞാൻ എന്തു ജോലി ചെയ്താലും വർത്തമാനത്തിൽ ഏർപ്പെട്ടാലും ഒരിക്കലും വിട്ടുമാറാത്ത, എന്റെ ഹൃദയത്തോട് വലിയ സ്നേഹപക്ഷത്തോടെ സംസാരിക്കുന്ന, ഒരാളെ എന്റെ ബോധത്തിൽ തെളിവായി കാണുന്നുണ്ട്. മറ്റുള്ളവർക്കായി മുറിയപ്പെടാനും പങ്കുവയ്ക്കാനും നിസ്വാർത്ഥമായി കൊടുക്കുവാനും സാധിക്കുമ്പോഴാണ് നമ്മുടെ സ്നേഹം അർത്ഥപൂർണ്ണമാകുന്നത്.

## ഗാനം: (വി. എവുപ്രാസ്യാമ്മയുടേത്)

## വിജ്ഞാപനം III

*വി. എവുപ്രാസ്യാമ്മയുടെ ജീവിതവിശുദ്ധി അമ്മയുടെ ഓരോ വാക്കിലും നോട്ടത്തിലും ചെറുപുഞ്ചിരിയിലും ഓരോ ശ്വാസോച്ഛ്വാസത്തിൽപോലും പ്രകടമായിരുന്നു. അമ്മയുടെ ഹൃദയത്തിന്റെ തികവിൽ നിന്ന് അടർന്നുവീണ ഓരോ വാക്കും വിശുദ്ധജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന നമുക്ക് പ്രചോദകവും മാർഗ്ഗനിർദ്ദേശകവുമാണ്. വി. എവുപ്രാസ്യാമ്മയുടെ സൂക്തങ്ങൾ ധ്യാനപൂർവ്വം നമുക്ക് ശ്രവിക്കാം*

1. എനിക്ക് ഏക ആശ്വാസം എന്റെ ഈശോയുടെ അടുക്കൽ ചെല്ലുന്നതാകുന്നു.
2. ആരും അറിയാത്ത ഒരു ഒളിക്കപ്പെട്ട ജീവിതം കഴിക്കുന്നതിലാണ് എന്റെ ആനന്ദം
3. നമ്മുടെ കർത്താവിനെപ്രതി പാടുപെടാത്ത ദിവസം ഒന്നുമല്ലാത്തതായി തോന്നുന്നു.

4. എന്റെ നല്ല ഈശോയേ, നീ എന്തു ചെയ്താലും ഞാൻ നിന്നിൽനിന്നും വേർപിരിയുകയില്ല.

5. മനുഷ്യരുടെ വാക്കുകളെ കേട്ട് നിനക്ക് കടമായിരിക്കുന്ന പ്രവർത്തികളെ ഉപേക്ഷിക്കരുത്.

6. നിഗളം കൊണ്ട് പിശാചുക്കൾ ഇറങ്ങിപ്പോയ ആകാശത്തിലേയ്ക്ക് എളിമയെന്ന പുണ്യം കൊണ്ട് നമുക്ക് കയറിപ്പോകാം.

7. കർത്താവിന്റെ സഹനത്തിൽ പങ്കുകൊണ്ടെങ്കിലേ അവിടുത്തെ സ്നേഹത്തിലും നമുക്ക് പങ്കുള്ളൂ.

8. പാടുപെടാനും സഹിക്കാനും ഉള്ള ശക്തി എനിക്ക് ലഭിക്കുന്നത് പരിശുദ്ധ കുർബാനയുടെ സ്വീകരണത്തിൽനിന്നാണ്.

## ഗാനം: (വി. എവുപ്രാസ്യാമ്മയുടേത്)

## വിജ്ഞാപനം III

*സ്വന്തം മനസ്സിന് വിരോധമായി എന്തെങ്കിലും സംഭവിക്കുമ്പോൾ ഹൃദയത്തിൽ വലിയ സ്നേഹം അനുഭവിച്ചിരുന്ന എവുപ്രാസ്യാമ്മ, തന്റെ ഹൃദയം ഈശോയ്ക്ക് വാസയോഗ്യം ആകുംവിധം സ്വയം ശൂന്യവൽക്കരിച്ചു. തന്റെ ആത്മമണവാളന്റെ തൂങ്ങപ്പെട്ട രൂപത്തെയും പരിശുദ്ധ കുർബാനയേയും നിരന്തരം ധ്യാനവിഷയമാക്കിയ അമ്മ തന്റെ ജീവിതത്തെയും ദൈവമക്കൾക്ക് സേവനം ചെയ്യുന്നതിനായി ഉഴിഞ്ഞുവച്ചു. സ്വയം ശൂന്യവത്ക്കരിച്ച് അനേകർക്ക് വിശുദ്ധിയുടെ മാതൃക നൽകാൻ ഈ പുണ്യജീവിതം നമ്മോടും ആവശ്യപ്പെടുന്നു.*

## സുവിശേഷഗീതം

**വായന** (റംശായിലേത്)

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# വി. കൊച്ചുത്രേസ്യാ

## ഒക്ടോബർ 1

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** ഫ്രാൻസിലെ അലെൻസോണിൽ 1873 ജനുവരി 2-ാം തീയതി ലൂയി മാർട്ടിൻ - സെലിഗ്വരിൻ ദമ്പതികളുടെ 9-ാമത്തെ മകളായി കൊച്ചുത്രേസ്യാ ജനിച്ചു. 1925 മെയ് 17-ാം തീയതി 11-ാം പീയൂസ് മാർപാപ്പ അവളെ വിശുദ്ധയെന്നും 1998-ൽ ജോൺ പോൾ രണ്ടാമൻ പാപ്പാ വേദപാരംഗതയെന്നും പേരു വിളിച്ചു. ആദ്ധ്യാത്മിക ശിശുത്വത്തിന്റെ പാത ലോകത്തിന് കാണിച്ചുതന്ന വിശുദ്ധയാണ് വി. കൊച്ചുത്രേസ്യാ. വിശുദ്ധിയുടെ ഉന്നതപടവുകൾ ചവിട്ടിക്കയറുന്നതിന് ലളിതവും ഹ്രസ്വവുമായ ഒരു പാത-കുറുക്കുവഴി അവൾ കണ്ടുപിടിച്ചു. നിരവധി കാര്യങ്ങൾ ചെയ്യുന്നതിലല്ല, അധികം സ്നേഹിക്കുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത് എന്നവൾ പഠിപ്പിച്ചു. സന്യാസജീവിതത്തിൽ എല്ലാ അനുഭവങ്ങളും വിശുദ്ധിക്കുള്ള മാർഗങ്ങളാണ് എന്ന ബോധ്യത്തോടെ തന്റെ സന്താപസന്തോഷങ്ങളും

സഹനങ്ങളുമെല്ലാം സ്നേഹപൂർവ്വം അവൾ സ്വീകരിച്ചു. സ്വർഗ്ഗത്തിൽനിന്ന് റോസാപുഷ്പങ്ങൾ വർഷിക്കുമെന്ന തന്റെ വാഗ്ദാനം പൂർത്തിയാക്കിക്കൊണ്ട് ഇന്നും തന്റെ ശക്തമായ മാദ്ധ്യസ്ഥ്യം വഴിയായി അവൾ നമുക്കായി അനുഗ്രഹങ്ങൾ വർഷിക്കുന്നു. വിശുദ്ധയെപ്പോലെ ദൈവസ്നേഹത്താൽ നിറയപ്പെടുവാൻ നമുക്കും ആഗ്രഹിച്ച് പ്രാർത്ഥിക്കാം.

## വിജ്ഞാപനം I

*വലിയ വലിയ കാര്യങ്ങൾ ചെയ്യാൻ താൻ അശക്തയാണെന്ന് തിരിച്ചറിഞ്ഞ വി. കൊച്ചുത്രേസ്യാ ഏറ്റം നിസാരമായവയിലൂടെയും മറ്റാരും ശ്രദ്ധിക്കപ്പെടാത്തവയിലൂടെയും അവിടുത്തെ സ്നേഹിച്ചു. വലിയ വിശുദ്ധർക്കും രക്തസാക്ഷികൾക്കും അപ്രാപ്യമായവ കൊച്ചുകുട്ടികൾക്കായി അവിടുന്ന് മാറ്റിവച്ചിരിക്കുന്നു എന്നവൾ വിശ്വസിച്ചു. ''സ്നേഹമാണ് സർവ്വോൽകൃഷ്ടം'' എന്ന ശ്ലീഹായുടെ ആഹ്വാനം അവൾ ജീവിതം വഴി പൂർത്തിയാക്കി. സ്നേഹത്തിന്റെ മാഹാത്മ്യം വിവരിക്കുന്ന വി.ഗ്രന്ഥഭാഗം പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്ക് എഴുതിയ ലേഖനത്തിൽ നിന്ന് നമുക്ക് ശ്രവിക്കാം.*

## വായന: 1 കോറി 13/113

**സാമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി

## സ്വയം കണ്ടെത്തൽ

*വി. ചെറുപുഷ്പത്തെപ്പോലെ സ്നേഹത്തിന്റെ ദൈവവിളി ജീവിക്കാൻ വിളിക്കപ്പെട്ട നമ്മുടെ പ്രവർത്തനങ്ങളും അവയ്ക്കു പിന്നിലെ മനോഭാവങ്ങളും സ്നേഹത്താൽ പ്രചോദിതമായവയാണോ?*

## ഗാനം: (ദൈവസ്നേഹത്തെക്കുറിച്ച്)

## വിജ്ഞാപനം II

*മൂന്നു നിമിഷത്തിലേറെ ഈശോയെ ഓർക്കാതിരി*

*ക്കാൻ സാധിക്കാത്ത ചെറുപുഷ്പത്തിന് ദൈവത്തെ തേടാനുള്ള ഒരു വലിയ ദാഹം ഹൃദയത്തിൽ അങ്കുരിച്ചിരുന്നു. തന്റെ ആത്മാവിനെ അവിടുത്തെ സ്നേഹത്തിൽ ഒട്ടിച്ചേർത്ത അവൾ ദൈവിക ദാനങ്ങളെ അല്ല, ദൈവത്തെതന്നെ പൂർണമായി ലഭിക്കുവാനാണ് ദാഹിച്ചിരുന്നത്. വി. കൊച്ചുത്രേസ്യായുടെ ഈ മനോഭാവം സ്വന്തമാക്കുവാൻ ആഗ്രഹിച്ചുകൊണ്ട് സങ്കീർത്തനം 63 ഇരുഗണമായി ചൊല്ലാം.*

## സങ്കീർത്തനം 63

(ഇരുഗണമായി ചൊല്ലുന്നു)

ദൈവമേ, അവിടുന്നാണ് എന്റെ ദൈവം; ഞാനങ്ങയെ തേടുന്നു.

എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു. ഉണങ്ങിവരണ്ട ഭൂമിയെന്നപോലെ എന്റെ ശരീരം അങ്ങയെ കാണാതെ തളരുന്നു.

അങ്ങയുടെ ശക്തിയും മഹത്വവും ദർശിക്കാൻ ഞാൻ വിശുദ്ധ മന്ദിരത്തിൽ വന്നു.

അങ്ങയുടെ കാരുണ്യം ജീവനെക്കാൾ കാമ്യമാണ്; എന്റെ അധരങ്ങൾ അങ്ങയെ സ്തുതിക്കും.

എന്റെ ജീവിതകാലം മുഴുവൻ ഞാൻ അങ്ങയെ പുകഴ്ത്തും. ഞാൻ കൈകളുയർത്തി അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കും.

കിടക്കയിൽ ഞാൻ അങ്ങയെ ഓർക്കുകയും രാത്രിയാമങ്ങളിൽ അങ്ങയെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുമ്പോൾ ഞാൻ മജ്ജയും മേദസും കൊണ്ടെന്നപോലെ സംതൃപ്തിയടയുന്നു.

എന്റെ അധരങ്ങൾ അങ്ങേക്ക് ആനന്ദഗാനം ആലപിക്കും.

അവിടുന്ന് എന്റെ സഹായമാണ്; അങ്ങയുടെ ചിറകിൻകീഴിൽ ഞാൻ ആനന്ദിക്കും.

എന്റെ ആത്മാവ് അങ്ങയോട് ഒട്ടിച്ചേർന്നിരിക്കുന്നു; അങ്ങയുടെ വലത്തുകൈ എന്നെ താങ്ങി നിർത്തുന്നു.

എന്റെ ജീവൻ നശിപ്പിക്കാൻ നോക്കുന്നവർ ഭൂമിയുടെ അഗാധഗർത്തങ്ങളിൽ പതിക്കും.

അവർ വാളിന് ഇരയാകും; അവർ കുറുനരികൾക്കു ഭക്ഷണമാകും.

എന്നാൽ, രാജാവു ദൈവത്തിൽ സന്തോഷിക്കും; അവിടുത്തെ നാമത്തിൽ സത്യം ചെയ്യുന്നവർ അഭിമാനം കൊള്ളും, നുണയരുടെ വായ് അടഞ്ഞുപോകും.

## വിചിന്തനം

"സ്വർഗ്ഗത്തിലെ എന്റെ ജീവിതം ഭൂമിയിൽ റോസപുഷ്പങ്ങൾ വർഷിക്കുന്നതിനായി ചെലവഴിക്കും" എന്നു വാഗ്ദാനം ചെയ്ത വി. കൊച്ചുത്രേസ്യായുടെ സൂക്തങ്ങൾ നമുക്ക് ശ്രദ്ധാപൂർവ്വം ശ്രവിക്കാം.

* സൃഷ്ടവസ്തുക്കളിലൊന്നും എനിക്കു സമാശ്വാസം കണ്ടെത്താൻ സാധിക്കാത്തതിനാൽ ഞാൻ എന്റെ സമസ്തവും ഈശോയെ ഏൽപിക്കുന്നു.

* സമയം പറന്നുപോകുന്നു. മിന്നൽവേഗത്തിൽ അത് എന്റെ പിടിയിൽ നിന്നു കടന്നുപോകുന്നത് എനിക്കു കാണാം.

* നിസാരമായ ഒരു കാര്യംപോലും ഈശോയ്ക്കുവേണ്ടി ചെയ്യുന്നതിന് ഉപേക്ഷ വിചാരിക്കരുത്.

* വളരെയധികം പ്രവർത്തിക്കുന്നതിലോ വളരെയധികം നൽകുന്നതിലോ അല്ല പുണ്യം സ്ഥിതി ചെയ്യുന്നത്. പ്രത്യുത കൂടുതൽ സഹിക്കുന്നതിലും സ്നേഹിക്കുന്നതിലുമാണ്.

* പരിപൂർണ്ണമായ ഉപവി അടങ്ങിയിരിക്കുന്നത് മറ്റു

ള്ളവരുടെ കുറ്റങ്ങൾ സഹിക്കുന്നതിലും അവരുടെ ബലഹീനതകളെക്കുറിച്ച് വിസ്മയിക്കാതിരിക്കുന്നതിലും ആണ്.

## വിജ്ഞാപനം III

*'എന്റെ ഈശോയെ ഇതുവരെ മറ്റാരും സ്നേഹിച്ചിട്ടുള്ളതിൽ കൂടുതൽ എനിക്കു സ്നേഹിക്കണം' എന്ന നിർബന്ധബുദ്ധിയോടെ ഈശോയെ സ്നേഹിച്ച വി. കൊച്ചുത്രേസ്യാ എല്ലാറ്റിലുമുപരിയായി ഈശോയെ സ്നേഹിക്കാൻ നമ്മോട് ആഹ്വാനം ചെയ്യുന്നു. യഥാർത്ഥ സ്നേഹം ത്യാഗം വഴി പരിപുഷ്ടമാകുന്നു. നമ്മുടെ സമർപ്പിത ജീവിതത്തിലെ എല്ലാ അനുഭവങ്ങളും രക്ഷാകര സംഭവങ്ങളാക്കി മാറ്റാനും ദൈവസ്നേഹത്തിൽ ആഴപ്പെടാനുള്ള വഴികളാക്കി മാറ്റാനും നമുക്കു കഴിയുമ്പോഴാണ് വിശുദ്ധി എന്ന മനോഹരലക്ഷ്യം നമ്മിൽ പൂവണിയുന്നതെന്ന് വി. കൊച്ചുത്രേസ്യാ നമ്മെ ഓർമ്മിപ്പിക്കുന്നു.*

## സുവിശേഷഗീതം

**വായന** (റംശായിലേത്)

**സാമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി

## കാറോസൂസ

**ശുശ്രൂ:** സ്നേഹം മാത്രമാണ് ഞാൻ അഭിലഷിക്കുന്ന ഏകസമ്പത്ത് എന്ന് ഉദ്ഘോഷിച്ച വിശുദ്ധയെപ്പോലെ പരസ്നേഹ ചൈതന്യത്തിൽ അനുദിനം വളർന്നു വരുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

**ശുശ്രൂ:** വി. കൊച്ചുത്രേസ്യായെപ്പോലെ ഉണ്ണീശോയുടെ കൈകളിലെ ഒരു കളിപ്പന്തായി സ്വയം സമർപ്പിച്ച്, സ്നേഹം, സഹനം, സമർപ്പണം എന്നീ കുറുക്കുവഴികളിലൂടെ ദൈവോന്മുഖരായി ജീവിക്കു

വാൻ ഞങ്ങളെ ശക്തരാക്കണമെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

**ശുശ്രൂ:** ''സഹനവും മരണവും എനിക്കിഷ്ടമാണെങ്കിലും സ്നേഹം മാത്രമാണ് എന്നെ ആകർഷിക്കുന്നത്.'' സ്നേഹത്താൽ പ്രേരിതമായ സത്പ്രവൃത്തികളാൽ ജീവിതത്തെ ധന്യമാക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

**ശുശ്രൂ:** ''സ്വർഗത്തിലെ എന്റെ സമയം ഭൂമിയിൽ നന്മ ചെയ്യുന്നതിനായി ഞാൻ വിനിയോഗിക്കും'' എന്ന് ഉദ്ദീരണം ചെയ്ത വിശുദ്ധയെപ്പോലെ ഞങ്ങളുടെ സമയവും ശക്തിയും കഴിവുകളും മറ്റുള്ളവർക്കുവേണ്ടി വിനിയോഗിക്കാനുള്ള കൃപ ലഭിക്കുവാൻ കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

**ശുശ്രൂ:** സഹനങ്ങളിൽ ദൈവത്തെ അധികം സ്നേഹിക്കുകയും മിഷനറിമാർക്കുവേണ്ടി തന്റെ വേദനകൾ കാഴ്ചവയ്ക്കുകയും പ്രാർത്ഥനകൊണ്ടും പരിത്യാഗംകൊണ്ടും മാത്രം പ്രേഷിതവേല നടത്തുകയും ചെയ്ത വി. കൊച്ചുത്രേസ്യായെ അനുകരിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# വി. അമ്മത്രേസ്യായുടെ തിരുനാൾ

## ഒക്ടോബർ 15

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** ധ്യാനാത്മകജീവിതത്തിലും കർമ്മോത്സുക ജീവിതത്തിലും ഒരുപോലെ, പ്രാണനാഥനായ ഈശോയോടുള്ള ഐക്യം അഭംഗം പുലർത്തി ആദ്ധ്യാത്മികജീവിതത്തിൽ ഒരു രാജാളി പക്ഷിയെപ്പോലെ പറന്നുയർന്ന, സമാധിപ്രാർത്ഥനയുടെ ഉന്നതസോപാനത്തിലെത്തിയ ഒരു വിശുദ്ധയാണ് ആവിലായിലെ വി. ത്രേസ്യാ. സ്പാനിഷ് സാഹിത്യത്തിലെ അതുല്യമായ എഴുത്തുകാരി, തിരുസ്സഭയുടെ വീരപുത്രി, മൗതിക ദൈവശാസ്ത്രത്തിന്റെ പ്രഥമഗണനീയയായ പ്രബോധക, നവീകൃത കർമ്മലയുടെ സ്ഥാപക, വേദപാരംഗത എന്നീ നിലകളിൽ അമ്മത്രേസ്യായ്ക്ക് തിരുസഭയിലുള്ള സ്ഥാനവും സ്വാധീനവും അതുല്യമാണ്.

അലോൻസാസെപ്പോദ, ഡോണ ബിയാട്രീസ് എന്നീ മാതാപിതാക്കന്മാരിൽ നിന്ന് 1515

മാർച്ച് 28-ന് സ്പെയിനിലെ ആവിലായിൽ വി. ത്രേസ്യാ ജനിച്ചു. രക്തസാക്ഷിയായാൽ വേഗം സ്വർഗ്ഗരാജാവിന്റെ സന്നിധിയിൽ എത്താമെന്നുള്ള ആഗ്രഹത്താൽ രക്തസാക്ഷിത്വം വരിക്കാൻ ബാല്യപ്രായത്തിൽതന്നെ സ്വസഹോദരൻ റോഡ്രിഗോസിനോടൊപ്പം ആഫ്രിക്കയിലേക്കു ഒളിച്ചോടുവാൻ ശ്രമിച്ചു. ആ ശ്രമം വിഫലമായതോടെ ഉദ്യാനത്തിൽ പർണ്ണശാലകളുണ്ടാക്കി ബാലലീലകളിലേർപ്പെട്ടു. നിത്യതയെക്കുറിച്ചു ചിന്തിച്ചുകൊണ്ട് ''എന്നും എന്നേയ്ക്കും'' എന്നുരുവിട്ട് ധ്യാനാത്മകജീവിതത്തിനു അടിത്തറ പാകി. ''ദൈവം മാത്രം മതി'' എന്ന മുദ്രാവാക്യമായിരുന്നു വിശുദ്ധയുടെ ആദ്ധ്യാത്മികതയുടെ സാരസംഗ്രഹം.

## വിജ്ഞാപനം I

*അന്തരംഗത്തിൽ അധിവസിക്കുന്ന ആത്മനാഥന്റെ സ്പന്ദനങ്ങൾ തൊട്ടറിഞ്ഞ കർമ്മലയുടെ ധീരകന്യകയായ വി. അമ്മത്രേസ്യാ, ''ദൈവം മാത്രം മതി'' എന്ന ഉറച്ച തീരുമാനത്തോടെ 20-ാമത്തെ വയസ്സിൽ ആവിലായിലെ ഇൻകാർനേഷൻ കർമ്മലമഠത്തിൽ ചേർന്നു. എങ്കിലും ഏതാണ്ട് 20 വർഷത്തോളം ആദ്ധ്യാത്മിക മന്ദതയിലും ശുഷ്കതയിലും കഴിഞ്ഞുകൂടി. എന്നാൽ കരുണാവാരിധിയായ ദൈവം പല ജീവിതാനുഭവങ്ങളിലൂടെ ആഴമേറിയ പ്രചോദനങ്ങൾ നല്കി ഒരു പുതിയ ജീവിതത്തിലേയ്ക്ക് അവളെ ആനയിച്ചു. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങൾക്കിടയിലും സ്നേഹത്തിന്റെ കരം പ്രദർശിപ്പിക്കുന്ന ദൈവത്തിന്റെ കരുണാർദ്രഭാവത്തെ വിവരിക്കുന്ന തിരുവചനഭാഗം നമുക്കിപ്പോൾ ശ്രവിക്കാം.*

## വായന ഏശയ്യാ 43:1-5

**സമൂ:** ദൈവമായ കർത്താവിനു സ്തുതി

## സ്വയം കണ്ടെത്തൽ

ഓരോ ജീവിതാനുഭവത്തിലും ഒളിഞ്ഞു കിടക്കുന്ന ദൈവത്തിന്റെ സ്നേഹം ആഴത്തിൽ മനസ്സിലാക്കി, ദൈവസ്നേഹാനുഭവത്തിൽ ആഴപ്പെടാനുള്ള കൃപയ്ക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. പ്രാർത്ഥനയുടെയും ദൈവകസാന്നിദ്ധ്യത്തിന്റെയും ആഴങ്ങൾ തേടി വിശുദ്ധിയുടെ സോപാനങ്ങളിലേക്കു പറന്നുയർന്ന വി. അമ്മത്രേസ്യായുടെ ഓർമ്മയാചരിക്കുന്ന ഈ പുണ്യദിനത്തിൽ നമ്മുടെ അദ്ധ്യാത്മികതജീവിതത്തിനു പ്രയോജനം ലഭിക്കുന്നതിനുതകുന്ന അമ്മയുടെ ഏതാനും സുകൃതസൂക്തങ്ങൾ ഇരുഗണമായി ധ്യാനപൂർവ്വം നമുക്കു ചൊല്ലാം.

1. ആത്മപ്രശംസ സർവ്വത്ര വർജ്ജിക്കുക. അന്യർക്കു പ്രയോജനകരമെന്നു പ്രതീക്ഷയുള്ളപ്പോൾ മാത്രമേ സ്വന്തം പാണ്ഡിത്യം, സുകൃതസമ്പത്ത്, കുലീനത മുതലായവ സൂചിപ്പിക്കാവൂ.

2. നിർദ്ദിഷ്ട സമയങ്ങളിലല്ലാതെ ഭക്ഷിക്കുകയോ കുടിക്കുകയോ അരുത്. അനുഭവിക്കുന്ന ആഹാരങ്ങളുടെ പേരിൽ ദൈവത്തിന് അകമഴിഞ്ഞ കൃതജ്ഞതാ സ്തോത്രം അർപ്പിക്കുക. ആഹാരസാധനങ്ങളുടെ പാചകവിശേഷത്തെ പഴിക്കരുത്. ഈശോയുടെ കയ്പുനീരും വിനാഗിരിയും ഓർമ്മിക്കുക.

1. പരദൂഷണം കേൾക്കുകയോ പറയുകയോ അരുത്. സ്വന്തം കുറ്റങ്ങൾ സമ്മതിക്കുന്നതിലും അന്യരിൽ നിന്നു കേൾക്കുന്നതിലും സന്തോഷിക്കാമെങ്കിൽ ഗണ്യമായ പുരോഗതി സിദ്ധിക്കും.

2. സന്തോഷമുള്ളപ്പോൾ അമിതമായി അട്ടഹസിക്കരുത്. സന്തുഷ്ടി വിനയാന്വിതവും ശാലീനവും പ്രസന്നവും മാതൃകാപരവും ആയിരിക്കണം.

1. സമസ്തവസ്തുക്കളിൽനിന്നും ഹൃദയത്തെ സ്വതന്ത്രമാക്കി ദൈവത്തെ അന്വേഷിക്കുക. അപ്പോൾ അവിടുത്തെ കണ്ടെത്തും.

2. ധാരാളം സ്നേഹപ്രകരണങ്ങൾ നിരന്തരം ചെയ്തു തഴങ്ങുക അവയാണ് ആത്മാവിനെ എരിയിക്കുന്നത്.

1. വി. യൗസേപ്പിന്റെ പേരിൽ പ്രത്യേക ഭക്തിയുണ്ടായിരിക്കണം. വളരെയധികം അനുഗ്രഹങ്ങൾ ദൈവത്തിൽനിന്ന് അദ്ദേഹം പ്രാപിച്ചുതരും.

2. വിഷാദവും മനക്കലക്കവും തോന്നുന്ന അവസരങ്ങളിൽ പ്രാർത്ഥനയുടെയും തപസ്സിന്റെയും സാധാരണ അനുഷ്ഠാനങ്ങൾ ഉപേക്ഷിക്കരുത്. കാരണം അപ്പോൾ അവ നിഷ്കർഷിക്കേണ്ടതില്ലെന്നു പിശാചു നമ്മെ പ്രലോഭിപ്പിക്കും എന്നാൽ പതിവിലധികം വിശ്വസ്തമായി അവ നിർവ്വഹിക്കുക.

## വിജ്ഞാപനം II

*ജീവിതത്തിന്റെ സമസ്ത മേഖലകളിലും ദൈവസ്നേഹപാരമ്യം തിരിച്ചറിഞ്ഞ വി. അമ്മത്രേസ്യായ്ക്ക് ജീവിതവഴികളിലൂടെ കടന്നുപോകുന്ന സകലവും ദൈവസ്നേഹത്തിന്റെ വിപ്ലവമായിരുന്നു. ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് ഒരുക്കുന്നതെല്ലാം നന്മായ്ക്കാണെന്ന് വി. പൗലോസ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നുണ്ട്. ദൈവസ്നേഹപാരമ്യത്തിലേക്കു നമ്മെ കൂട്ടിക്കൊണ്ടുപോകുന്ന തിരുവചനം നമുക്കിപ്പോൾ ശ്രദ്ധയോടെ ശ്രവിക്കാം.*

**വായന: റോമാ 8:28–30**

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## ഗാനം: (വി. അമ്മത്രേസ്യായുടേത്)

## വിജ്ഞാപനം III

*എന്നെ സ്നേഹിക്കുന്ന, ഞാൻ സ്നേഹിക്കുന്ന ദൈവവുമായി നടത്തുന്ന നർമ്മസംഭാഷണമാണ് പ്രാർത്ഥനയെന്ന് വി. അമ്മത്രേസ്യാ പറയുന്നു. ദൈവൈക്യത്തെ ലക്ഷ്യമാക്കിയുള്ള ആത്മാവിന്റെ പുരോഗതിയിൽ 7 സദനങ്ങൾ അവൾ വിവരിക്കുന്നു. ഈ ഹർമ്യത്തിലേയ്ക്കുള്ള പ്രവേശനകവാടം പ്രാർത്ഥനയാണ്. പ്രാർത്ഥനയുടെ വിവിധ പദവികൾ കയറി സദനങ്ങൾ ഓരോന്നും പിന്നിട്ട് ദൈവവുമായി ഐക്യപ്പെടുവാനുള്ള ആത്മാവിന്റെ നിരന്തരമായ പ്രയത്നമാണ് ആദ്ധ്യാത്മികജീവിതം. കർത്താവുമായി ഐക്യപ്പെട്ട് ഒന്നായിത്തീർന്ന ത്രേസ്യായോട് പ്രാണനാഥൻ രണ്ടു മഹാരഹസ്യങ്ങൾ പങ്കുവെച്ചു. ഒന്ന് "ഞാൻ സ്വർഗ്ഗം സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽതന്നെയും നിന്നെപ്രതി മാത്രം സ്വർഗ്ഗം സൃഷ്ടിക്കുമായിരുന്നു" എന്നും "എന്നെ ഇത്രമാത്രം സ്നേഹിച്ച നിന്റെ ഹൃദയം അഴുകാൻ ഞാൻ അനുവദിക്കയില്ലെന്നും." വിശുദ്ധയുടെ ഹൃദയത്തെ സ്നേഹത്തിന്റെ കുന്തത്താൽ തന്റെ പ്രാണനാഥൻ കുത്തി മുറിവേല്പിക്കാൻ തക്കവിധം അത്രയ്ക്കു അഗാധമായിരുന്നു അവളുടെ ദൈവസ്നേഹം, ദൈവസ്നേഹത്തിൽനിന്നും അകന്നുപോയ ജീവിതനിമിഷങ്ങളെ കണ്ടെത്തുവാനും തന്റെ കരുണാർദ്ര സ്നേഹത്തിലേയ്ക്ക് നമ്മെ ക്ഷണിക്കുന്ന അവിടുത്തെ സ്വരം ശ്രവിക്കുവാനും നമ്മുടെ അമ്മ നമ്മെ പഠിപ്പിക്കുന്നു.*

## സുവിശേഷഗീതം

**വായന** (റംശായിലേത്)

**സാമൂ:** ദൈവമായ കർത്താവിനു സ്തുതി

## കാറോസൂസ

**ശുശ്രൂ:** നമുക്കെല്ലാവർക്കും അതിയായ സ്നേഹത്തോടും തീക്ഷ്ണതയോടും കൂടി കർത്താവേ ഞങ്ങളോടു കൃപയുണ്ടാകണമേയെന്നു പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ ഞങ്ങളോടു കൃപയുണ്ടാകണമേ.

**ശുശ്രൂ:** ജീവിതത്തിൽ ദൈവം മാത്രം മതി എന്ന് വിശുദ്ധയ്ക്ക് ഉണ്ടായിരുന്ന ബോദ്ധ്യവും തദനുസൃതമായ പ്രവർത്തനശൈലിയും ഞങ്ങളിലും രൂഢമൂലമാക്കുവാനുള്ള കൃപ നൽകണമേയെന്നു കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോടു കൃപയുണ്ടാകണമേ.

**ശുശ്രൂ:** വിശുദ്ധിയിൽ വളരുന്നതിനും ദൈവൈക്യം പ്രാപിക്കുന്നതിനും അമ്മ നിർദ്ദേശിക്കുന്ന പരസ്നേഹം, സമസ്തസൃഷ്ടികളിൽ നിന്നുമുള്ള നിസ്സംഗത, എളിമ എന്നീ പുണ്യങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള കൃപ നൽകണമേയെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോടു കൃപയുണ്ടാകണമേ.

**ശുശ്രൂ:** അനുചിന്തനം പ്രാപിക്കുവാൻ ഒട്ടേറെ ആശയങ്ങൾ ഗ്രഹിക്കണമെന്നോ, ബുദ്ധികൊണ്ടു അനേകം സുകൃതഭാവനകൾ നെയ്തെടുക്കണമെന്നോ ആവശ്യം ഇല്ലെന്നും മറിച്ച് സ്നേഹപൂർവ്വം അവിടുത്തെ നോക്കിക്കൊണ്ടിരുന്നാൽ മതിയെന്നുള്ള പ്രബോധനം പൂർണ്ണമായി ഗ്രഹിക്കുവാനുള്ള കൃപയ്ക്കുവേണ്ടി കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോടു കൃപയുണ്ടാകണമേ.

**ശുശ്രൂ:** അന്തരംഗമാകുന്ന പറുദീസായിൽ പ്രവേശിച്ച് സമസ്തലോകത്തിനുമെതിരെ വാതിലടയ്ക്കാൻ മനസ്സാകുന്ന ആത്മാവിന്, യാതൊരു പ്രതിബന്ധവുമില്ലാതെ ദിവ്യമണവാളനുമൊരുമിച്ച് വസിക്കുവാൻ സാധിക്കുമെന്നുള്ള പ്രബോധം വേണ്ടവിധം മനസ്സിലാക്കുവാനുള്ള കൃപയ്ക്കുവേണ്ടി കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോടു കൃപയുണ്ടാകണമേ.

**ശുശ്രൂ:** അമ്മ പഠിപ്പിക്കുന്നതുപോലെ സാധാരണ ദിനകൃത്യങ്ങൾക്കിടയിൽ തന്നെയും, ഉള്ളിലേക്കു പിന്തിരിഞ്ഞ് അവിടെ ഒരു സുഹൃത്തുണ്ടെന്ന ഓർമ്മ നവീകരിച്ചുകൊണ്ട് ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോടു കൃപയുണ്ടാകണമേ.

**ശുശ്രൂ:** നിരന്തരമായ പ്രയത്നം കൂടാതെ വിശുദ്ധിയുടെ ഉന്നതപദവിയിലെത്തുക അസാധ്യമെന്നു ഗ്രഹിച്ച് അലസതയും മന്ദതയും വെടിഞ്ഞ് അതിനായി കഠിനാദ്ധ്വാനം ചെയ്യാനുള്ള സന്മനസ്സും ധൈര്യവും ഞങ്ങൾക്കു നൽകണമേയെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോടു കൃപയുണ്ടാകണമേ.

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# മാതാവിന്റെ അമലോത്ഭവതിരുനാൾ

## ഡിസംബർ 8

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** ഒരു സ്ത്രീ മൂലം മരണം ലോകത്തിൽ ആവിർഭവിച്ചതുപോലെ ജീവന്റെ പുനഃപ്രാപ്തിയിലും ഒരു സ്ത്രീ സഹകരിക്കുക ഉചിതമായിരുന്നു. അതിനായി ദൈവം തിരഞ്ഞെടുത്തത് പരിശുദ്ധകന്യകാമറിയത്തെയായിരുന്നു. അതുകൊണ്ട് തന്നെ സഭാപിതാക്കന്മാർ അവളെ പൂർണ്ണവിശുദ്ധ, സകല പാപക്കറകളിൽനിന്നും വിമുക്ത, പരിശുദ്ധാത്മാവ് രൂപം നൽകിയ ഒരു പുതിയ സൃഷ്ടി എന്നിങ്ങനെ പ്രകീർത്തിക്കുന്നു. ജനനത്താൽ തന്നെ വിശുദ്ധിയാൽ അലംകൃതയായ പരിശുദ്ധ കന്യകയെ ഗ്രബിയേൽ മാലാഖ ''പ്രസാദവരപൂരിതേ'' എന്നാണ് അഭിസംബോധന ചെയ്തത്. ദൈവപ്രസാദത്താൽ അനുഗ്രഹിക്കപ്പെട്ടവളാണ് പരിശുദ്ധ അമ്മ. സർപ്പത്തിന്റെ തല തകർക്കാനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൾ. ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ പാപക്കറയേൽക്കാത്തവളാണ് പരിശുദ്ധ കന്യകാമാതാവ്.

## വിജ്ഞാപനം I

*പ്രൊട്ടസ്റ്റന്റുകവി വേഡ്സ്വർത്ത് ''പാപപങ്കിലമായ മനുഷ്യപ്രകൃതിയുടെ ഏകസ്തുതി പാത്രമേ'' എന്ന് മറിയത്തെ അഭിസംബോധന ചെയ്തിരുന്നു. 1854 ഡിസംബർ 8-ാം തീയതി പരിശുദ്ധ പിതാവ് 9-ാം പീയൂസ് മാർപാപ്പ പരിശുദ്ധ കന്യകാമറിയം ഉത്ഭവപാപത്തിന്റെ എല്ലാ കറകളിൽനിന്നു പരിരക്ഷിക്കപ്പെട്ടിരിക്കുന്നു എന്നത് വിശ്വാസസത്യമായി പ്രഖ്യാപിച്ചു. മാർപാപ്പയുടെ ഈ പ്രഖ്യാപനത്തെ ഉറപ്പിച്ചുകൊണ്ട് 1858 മാർച്ച് 25-ാം തീയതി മാതാവ് ലൂർദിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞു ''ഞാൻ അമലോത്ഭയാണ്'' എന്ന്. അവളുടെ കന്യാത്വം നിലനിർത്തിക്കൊണ്ട് തന്നെ ഈ കന്യകയെ വത്സലപുത്രന്റെ അമ്മയായി പിതാവായ ദൈവം നിശ്ചയിക്കുകയും ചെയ്തു. ഈ മുൻനിശ്ചയത്തെ സൂചിപ്പിക്കുന്ന തിരുവചനഭാഗം ഇരുഗണമായി നമുക്ക് ധ്യാനപൂർവ്വം ചൊല്ലാം.*

### സുഭാ. 8:22-35

*(ഇരുഗണമായി ചൊല്ലുന്നു)*

കർത്താവ് തന്റെ സൃഷ്ടികർമത്തിന്റെ ആരംഭത്തിൽ, തന്റെ എല്ലാ ആദ്യസൃഷ്ടികളിലും ആദ്യത്തേതായി എന്നെ സൃഷ്ടിച്ചു.

യുഗങ്ങൾക്കു മുൻപ്, ഭൂമിയുടെ ആവിർഭാവത്തിനു മുൻപ്, ഒന്നാമതായി ഞാൻ സ്ഥാപിക്കപ്പെട്ടു.

സമുദ്രങ്ങൾക്കും ജലസമൃദ്ധമായഅരുവികൾക്കും മുൻപുതന്നെഎനിക്കു ജൻമം കിട്ടി.

പർവതങ്ങൾക്കും കുന്നുകൾക്കും രൂപം കിട്ടുന്നതിനു മുൻപ് ഞാനുണ്ടായി.

ഭൂമിയോ അതിലെ വയലുകളോ ആദ്യത്തെ പൂഴിത്തരിയോ നിർമിക്കുന്നതിനും മുൻപ് എനിക്കു ജൻമം നൽകപ്പെട്ടു.

അവിടുന്ന് ആകാശങ്ങൾ സ്ഥാപിച്ചപ്പോഴും സമുദ്രത്തിനുമീതേ ചക്രവാളം നിർമിച്ചപ്പോഴും ഉയരത്തിൽ മേഘങ്ങളെ ഉറപ്പിച്ചപ്പോഴും സമുദ്രത്തിന് ഉറവകളെ സ്ഥാപിച്ചപ്പോഴും ജലം തന്റെ കൽപന ലംഘിക്കാതിരിക്കാൻ വേണ്ടി സമുദ്രത്തിന് അതിരിട്ടപ്പോഴും ഭൂമിയുടെ അടിത്തറ

ഉറപ്പിച്ചപ്പോഴും വിദഗ്ധനായ ഒരു പണിക്കാരനെപ്പോലെ ഞാൻ അവിടുത്തെ അരികിലുണ്ടായിരുന്നു.

അനുദിനം ആഹ്ലാദിച്ചുകൊണ്ടും അവിടുത്തെ മുൻപിൽ സദാ സന്തോഷിച്ചുകൊണ്ടും ഞാൻ കഴിഞ്ഞു.

## സ്വയംകണ്ടെത്തൽ

പരിശുദ്ധ അമ്മയെ പ്രത്യേകവിധത്തിൽ തിരഞ്ഞെടുത്ത് അലങ്കരിച്ച ദൈവം, നമ്മെയും സവിശേഷമായ സ്ഥാനം നൽകി തിരഞ്ഞെടുത്തിരിക്കുന്നു. ഈ തിരഞ്ഞെടുപ്പിന്റെ മഹനീയതയും അർത്ഥവും തിരിച്ചറിഞ്ഞുകൊണ്ട് നാം എത്രമാത്രം വിളിയോട് വിശ്വസ്തത പുലർത്തുന്നുണ്ട്? ദൈവത്തിന്റെയും പരിശുദ്ധ അമ്മയുടെയും പരിശുദ്ധിയുടെ മുമ്പിൽ എന്റെ പരിശുദ്ധി എവിടെ എത്തി നിൽക്കുന്നു?

## ഗാനം: (ദൈവവിളിയെപ്പറ്റി)

## വിജ്ഞാപനം II

*ആദിമാതാപിതാക്കളെ പാപത്തിനു പ്രേരിപ്പിച്ച പിശാചിനെ ശപിച്ചുകൊണ്ട് ദൈവം പറയുന്ന വാക്കുകൾ മറിയത്തിന്റെ നിർമ്മലസ്വഭാവത്തെ വ്യംഗ്യമായി സൂചിപ്പിക്കുന്നുണ്ട്. ''നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും.'' ഇവിടെ പറയുന്ന നീയും സ്ത്രീയും എന്നത് പിശാചും പരിശുദ്ധ അമ്മയുമാണ്. അങ്ങനെ ഈശോയുടെ അമ്മയായ പരിശുദ്ധ മറിയം പാപത്തിന്റെ മൂർത്തീഭാവമായ സാത്താനുമായി നിത്യശത്രുതയിലായിരുന്നുവെന്ന് തിരുവചനം വെളിപ്പെടുത്തുന്നു. ദൈവികജ്ഞാനങ്ങളുടെ ഉറവിടമായിട്ടാണല്ലോ നാം പരിശുദ്ധ അമ്മയെ കാണുന്നത്. വി. ഗ്രന്ഥത്തിൽ ജ്ഞാനത്തെപ്പറ്റി പറയുന്നതെല്ലാം മറിയത്തിലും അന്വർത്ഥമായിട്ടുണ്ട്. ഈ തിരുവചനഭാഗം നമുക്ക് ശ്രവിക്കാം.*

## വായന: പ്രഭാ. 24:17–28

**സമൂ:** ദൈവമായ കർത്താവിനു സ്തുതി.

**ശുശ്രൂ:** പരിശുദ്ധ അമ്മയുടെ അപദാനങ്ങൾ ആലപിച്ചുകൊണ്ട് 'ഞങ്ങൾക്കായ് ദൈവമാതാവേ, എന്നെന്നും പ്രാർത്ഥിക്കണേ' എന്ന ഈരടി ഏറ്റുപാടാം.

**ഗാനം**

*ഞങ്ങൾക്കായ് ദൈവമാതാവേ*
*എന്നെന്നും പ്രാർത്ഥിക്കണേ.*
ജന്മപാപമേശിടാത്ത നിർമ്മലയാം രാജ്ഞിയെ
*ഞങ്ങൾക്കായ്............................*
പരിശുദ്ധിയായ് വിളങ്ങും കന്യകാമേരിയമ്മേ
*ഞങ്ങൾക്കായ്............................*
സൃഷ്ടിതാവിൻ അമ്മ നീയെ ലോകത്തിനും മാതാവേ
*ഞങ്ങൾക്കായ്............................*
ദൈവകർത്താവിന്റെയേറ്റം ദിവ്യയാകും ജനനി
*ഞങ്ങൾക്കായ്............................*
കന്യകാകുലത്തിനേറ്റം വ്ന്ദനീയ മൗലിയെ
*ഞങ്ങൾക്കായ്............................*
ലോകമൊക്കെ ലോകരാലെ കീത്തിനീയ കന്യകേ
*ഞങ്ങൾക്കായ്............................*
ദൈവദൂതന്മാർ വണങ്ങും ദൈവലോകരാജ്ഞിയെ
*ഞങ്ങൾക്കായ്............................*

## വിജ്ഞാപനം III

*എവിടെ അപരനുവേണ്ടിയുള്ള ശുശ്രൂഷയുണ്ടോ അവിടെ സ്വർഗ്ഗപ്രാപ്തിയും ദൈവദർശനവും ഉണ്ടെന്ന് സ്വജീവിത മാതൃകയിലൂടെ പരിശുദ്ധ അമ്മ നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധ മറിയത്തിന്റെ അഭിവാദനം ശ്രവിച്ചപ്പോൾ എലിസബത്തിലും ഉദരസ്ഥിതനായ ശിശുവിലും ആത്മാവിന്റെ ശക്തമായ പ്രവർത്തനമുണ്ടായി. പരിശുദ്ധ മറിയത്തെ ഭാഗ്യവതിയായി അവൾ അംഗീകരിക്കുന്നു. പാടി പുകഴ്ത്തുന്നു. പരിശുദ്ധ അമ്മയിൽനിന്ന് സന്തോഷത്തിന്റെയും നന്ദിയുടേതുമായ സ്തോത്രഗീതങ്ങൾ ഉയരുന്ന തിരുവചനഭാഗം നമുക്കിപ്പോൾ ശ്രവിക്കാം.*

## സുവിശേഷഗീതം

**വായന** (റംശായിലേത്)

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# വി. യോഹന്നാൻ ക്രൂസ്

## ഡിസംബർ 14

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** തിരുസഭയിലെ മൗതികമല്പാനും, നിരന്തരം ദൈവസാന്നിദ്ധ്യത്തിൽ ജീവിച്ച ധ്യാനയോഗിയും, ആഴമേറിയ അന്തരംഗ ജീവിതം നയിച്ച കർമ്മലീത്താ സന്യാസിയുമായിരുന്ന വി. യോഹന്നാൻ ക്രൂസിന്റെ തിരുനാളാണ് ഇന്ന് തിരുസഭാമാതാവ് ആഘോഷിക്കുന്നത്. ഇദ്ദേഹം സ്പാനിഷ് സാഹിത്യത്തിലെ ഒരു സമുന്നതകവി, പ്രസിദ്ധനായ എഴുത്തുകാരൻ, അഗാധചിന്തകൻ, പ്രതിഭാശാലിയായ ദൈവശാസ്ത്രജ്ഞൻ, ബൈബിൾ പണ്ഡിതൻ, താപസവര്യൻ എന്നീ നിലകളിലെല്ലാം പ്രത്യേകം ശ്രദ്ധേയനായ വിശുദ്ധനാണ്.

ധ്യാനയോഗിയും കർമ്മയോഗിയുമായ വി. യോഹന്നാൻ ക്രൂസ് ആദ്ധ്യാത്മികജീവിതം നയിക്കുന്നവർക്കെല്ലാം ഗുരുവും മാർഗ്ഗദർശിയുമാണ്. കർമ്മലമലകയറ്റം ഇരുണ്ട രാത്രി, സ്നേഹഗീത, സ്നേഹജ്വാല എന്നീ ഗ്രന്ഥങ്ങൾക്കു പുറമേ

ഉപദേശങ്ങൾ, കരുതലുകൾ, സൂക്തങ്ങൾ, മുദ്രാവാക്യങ്ങൾ, കത്തുകൾ എന്നിങ്ങനെ ഏതാനും ലഘുകൃതികളും അദ്ദേഹത്തിന്റെ ഗ്രന്ഥസമാഹാരത്തിൽപ്പെടുന്നു. വിശുദ്ധന്റെ ജീവിതമാതൃകയും ആത്മീയപ്രബോധനങ്ങളും, ചൈതന്യവും ഗ്രഹിച്ച് ജീവിതബന്ധിയാക്കുന്നതിനുള്ള ദൈവകൃപ ലഭിക്കുന്നതിന് ഭക്തിപൂർവ്വം നമുക്കു പ്രാർത്ഥിക്കാം.

## വിജ്ഞാപനം I

*ദൈവം തെരഞ്ഞെടുത്ത, ദൈവത്തോട് ചേർന്നിരിക്കാൻ ആഗ്രഹിക്കുന്ന ആത്മാവ് ദൈവമല്ലാത്തതിനെയെല്ലാം ഉപേക്ഷിച്ച് ദൈവത്തിൽ മാത്രം സർവ്വ ഇച്ഛകളും സമർപ്പിക്കണമെന്ന് വി. യോഹന്നാൻ ക്രൂസ് നമ്മെ പഠിപ്പിക്കുന്നു. മോശയും ദൈവവും തമ്മിലുള്ള ഈ ഹൃദയ ബന്ധത്തെപ്പറ്റി വിവരിക്കുന്ന തിരുവചന ഭാഗം നമുക്കു ശ്രവിക്കാം*

## വായന: പുറപ്പാട് 34:14

സമൂ: ദൈവമായ കർത്താവിനു സ്തുതി.

## വിചിന്തനം

*ഈ വിശുദ്ധ ഗ്രന്ഥഭാഗത്തെപ്പറ്റി വി. യോഹന്നാൻ ക്രൂസ് നൽകിയിരിക്കുന്ന വിശദീകരണം ഇപ്രകാരമാണ് (കർമ്മലമലകയറ്റം പേജ് 29-31)*

*ദൈവത്തിനു സമമായി യാതൊന്നുമില്ലാതിരിക്കെ ദൈവത്തോടൊപ്പം മറ്റേതിനെയെങ്കിലും സ്നേഹിക്കുകയോ ആശ്രയിക്കുകയോ ചെയ്യുന്ന ആത്മാവ് കടുത്ത ദ്രോഹമാണ് അവിടുത്തോടു ചെയ്യുന്നത്. തന്നോടു സംസാരിക്കുവാൻ വേണ്ടി മലയുടെ മുകളിലേയ്ക്കു കയറുവാൻ ദൈവം മോസസിനു നൽകിയ ആജ്ഞയുടെ സാരവും ഇതുതന്നെ. ജനക്കൂട്ടത്തെ താഴെ വിട്ടിട്ട് തനിയെ കയറിവരണമെന്ന് കല്പിക്കുക മാത്രമല്ല, മലയുടെ എതിർവശത്ത് മൃഗങ്ങൾ*

*മേഞ്ഞു നിൽക്കരുതെന്നുപോലും അവിടുന്ന് കൽപ്പിക്കുകയും ചെയ്തിരുന്നു. ദൈവത്തോട് സമാഗമിക്കുവാൻ വേണ്ടി പുണ്യപൂർണ്ണതയാകുന്ന മലയിൽ കയറുന്ന ആത്മാവ് സമസ്തവസ്തുക്കളെയും താഴെ വിട്ടുപേക്ഷിച്ചാൽ പോരാ, ഇച്ഛകളാകുന്ന മൃഗങ്ങൾ പ്രസ്തുത മലയുടെ സമാന്തരപ്രദേശത്ത് മേഞ്ഞു നിൽക്കുമ്പോൾ സമ്മതിക്കരുതെന്നു കൂടിയും ഇതിൽനിന്ന് ഗ്രഹിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ ദൈവമല്ലാത്ത സമസ്ത വസ്തുക്കളുടെയും പ്രതീകമാണ് പ്രസ്തുത സമാന്തരപ്രദേശം. പുണ്യപൂർണ്ണത പ്രാപിച്ചു കഴിഞ്ഞാൽ പിന്നെ അത്തരം വിഷയങ്ങൾക്കു പ്രസക്തിയില്ല. ദൈവത്തെ സമീപിക്കുന്നതിനും അവിടുത്തെ പക്കലേയ്ക്ക് ആരോഹണം ചെയ്യുന്നതിനും വേണ്ടി ദൈവമല്ലാത്ത എല്ലാത്തിനെയും ഉപേക്ഷിക്കുവാനും ഇച്ഛകളെ നിയന്ത്രിക്കുവാനും യത്നിക്കണം. എന്തുകൊണ്ടെന്നാൽ ഇച്ഛകളൊക്കെയിൽനിന്നും ആത്മാവ് സ്വതന്ത്രവും സംശുദ്ധവുമായി നിലകൊള്ളുന്ന അവസ്ഥയാണ് പരിപൂർണ്ണത. ഈ തിരുവചനങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ ജീവിതത്തെ ഒന്നു വിലയിരുത്തി വന്നുപോയ കുറവുകൾക്ക് മാപ്പു ചോദിക്കാം ഈശോയുടെ തിരുരക്തത്താൽ കഴുകണമേ എന്നു പ്രാർത്ഥിക്കാം.*

**ഗാനം: തിരുരക്തത്താലേ കഴുകീടേണമെ**
**തിരുനാഥാ എന്നെ പൂർണ്ണമായ് (2)**

## വിചിന്തനം

*വി. യോഹന്നാൻ ക്രൂസിലൂടെ ദൈവം വെളിപ്പെടുത്തിത്തന്ന ദിവ്യസൂക്തങ്ങളിൽ ഏതാനും ചിലത് ഭക്തിപൂർവ്വം ഓരോ മാത്ര നിർത്തി നിർത്തി രണ്ടു ഗണമായി നമുക്കാലപിക്കാം.*

സൃഷ്ടികളിൽ പക്ഷം വയ്ക്കുന്ന ആത്മാവിന് ദൈവത്തെ പ്രാപിക്കുക സാദ്ധ്യമല്ല.

സമസ്തവും ഉപേക്ഷിക്കാതെ ദൈവചൈതന്യം ഉൾക്കൊള്ളുവാൻ സാധ്യമല്ല.

ദുഷ്തഴക്കങ്ങൾ ആത്മാവിൽ തുടരുന്ന കാലത്തോളം പുണ്യാഭിവൃദ്ധി സാദ്ധ്യമല്ല.

ക്ലേശങ്ങളുടെ മദ്ധ്യേ നിർവഹിക്കപ്പെടുന്ന സുകൃതങ്ങൾ ദൈവം കൂടുതൽ വിലമതിക്കുന്നു.

പുണ്യം വേരുറയ്ക്കുന്നത് അധ്വാനത്തിലും ക്ലേശത്തിലുമത്രേ.

സുകൃതങ്ങൾ നിറഞ്ഞ ആത്മാവിന്റെ ശക്തി എത്ര അജയ്യം

കഷ്ടതകൾ ആത്മാവിന് അത്യന്തം പ്രയോജനകരമാണ്.

ഏകാന്തതയിൽ വസിക്കുന്ന ആത്മാവിനോട് ദൈവം രഹസ്യത്തിൽ സംസാരിക്കുന്നു

ദൈവസ്നേഹം പരസ്നേഹത്തെയും പരസ്നേഹം ദൈവസ്നേഹത്തെയും വർദ്ധിപ്പിക്കും.

അനിയന്ത്രിത പക്ഷങ്ങളാണ് സർവ്വ ദുർഗുണങ്ങളുടെയും ഉറവിടം

പരുക്കൻ സന്യാസവസ്ത്രത്തെ ആദരിക്കാത്തവർ അത് ധരിക്കുവാൻ അർഹരല്ല.

അസ്വസ്ഥമായിക്കഴിയുന്ന ആത്മാവ് ആത്മീയ നന്മകൾ പ്രാപിക്കുവാൻ അശക്തയാണ്.

ആത്മാവ് ദൈവത്തിൽനിന്ന് എന്തുമാത്രം പ്രത്യാശിക്കുന്നുവോ അത്രയും പ്രാപിക്കും.

ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കുന്ന ആത്മാവ് അവഗണനകളെയും നിന്ദനങ്ങളെയും അത്യന്തം വിലമതിക്കുന്നു

## വിജ്ഞാപനം II

*സഹനദാസനായ ഈശോ നടന്ന അതേ വഴിയിലൂടെ നടക്കുവാൻ വിളിക്കപ്പെട്ടവരുടെ ജീവിതം സഹനത്തിന്റെയും നിസ്സംഗതയുടെയും ആയിരിക്കണം. നിസ്സംഗതയാണ് ആത്മീയജീവിതത്തിന്റെ അടിസ്ഥാനതത്വം. അനിയന്ത്രിതമായ ആഗ്രഹങ്ങളെയും വികാരങ്ങളെയും ആസക്തികളെയും നിഗ്രഹിച്ചാൽ മാത്രമേ ദൈവൈക്യം പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ. ആന്തരികവും ബാഹ്യവുമായ ഇന്ദ്രിയങ്ങളെയും ആസക്തികളെയും നിയന്ത്രിച്ചില്ലെങ്കിൽ കുതിരക്കാരന്റെ നിയന്ത്രണത്തിനു വിധേയപ്പെടാതെ യഥേഷ്ടം പായുന്ന കുതിരയെപ്പോലെ അവ മനുഷ്യനെ അവയ്ക്കിഷ്ടമുള്ള വിഷയങ്ങളിലേക്ക് വലിച്ചിഴയ്ക്കും. അവ ആത്മാവിന്റെ സുസ്ഥിതിക്കു ഹാനികരമാണ്. ഗോതമ്പുമണി നിലത്തു വീണഴിഞ്ഞാൽ മാത്രമേ അത് ഫലം പുറപ്പെടുവിക്കുകയുള്ളൂ. ഫലം പുറപ്പെടുവിക്കുന്നതിനായി നാം നിലത്തുവീഴുകയും അഴിയുകയും വേണം. സഹനങ്ങളിലൂടെ പുണ്യപൂർണത പ്രാപിക്കുവാൻ നാം പരിശീലിക്കപ്പെടുകയാണ്. വി. യോഹന്നാൻ ക്രൂസിന്റെ കൃതിയായ ''സ്നേഹജ്വാലയിൽ'' നിന്ന് പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള 4 ഉപദേശങ്ങൾ നമുക്കു ശ്രവിക്കാം.*

### വായന: സ്നേഹജ്വാല പേജ് 217

യഥാർത്ഥ സന്യാസികളാകുവാനും സ്വന്തം ജിവിതാവസ്ഥയുടെ കടമകൾ നിറവേറ്റാനും, പുണ്യപരിശീലനത്തിൽ പുരോഗമിക്കാനും, പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങൾ ലഭിക്കാനും ആഗ്രഹിക്കുന്നവർ ആത്മാർപ്പണം, ആത്മനിഗ്രഹം, പുണ്യപരിശീലനം, ആന്തരികവും ബാഹ്യവുമായ ഏകാന്തതത എന്നിവ അനുഷ്ഠിക്കണം. സമൂഹത്തിൽ നിത്യേന നടക്കുന്ന സംഭവങ്ങളിൽ വാക്കാലോ പ്രവൃത്തിയാലോ ഒരിക്കലും

ഇടപെടരുത്. ആശ്രമത്തിലുള്ളവരെല്ലാം സ്വാർത്ഥനിഗ്രഹം, തന്നെ അഭ്യസിപ്പിക്കുന്നതിനുവേണ്ടി ദൈവത്താൽ നിയുക്തരാണെന്ന് മാത്രമേ കരുതാവൂ. ലോകവസ്തുക്കളെല്ലാം കേവലം നശ്വരമാണെന്ന് ഗ്രഹിച്ച്. അവയോടുള്ള സമീപനം ക്രമീകരിക്കണം.

### ഗാനം: (വി. യോഹന്നാൻ ക്രൂസിന്റേത്)

### വിജ്ഞാപനം III

*ദൈവസാക്ഷാത്ക്കാരമാണ് നമ്മുടെ ജീവിതലക്ഷ്യമെന്നും നിസ്സംഗതയാണ് അതിനുള്ള മാർഗ്ഗമെന്നും വി. യോഹന്നാൻ ക്രൂസ് തന്റെ ജീവിതമാതൃകയിലൂടെ നമ്മെ പഠിപ്പിക്കുന്നു. സഹനങ്ങൾ സന്തോഷത്തോടെ സ്വീകരിച്ച്, ഇന്ദ്രിയ നിഗ്രഹത്തിന്റെ പാത പിഞ്ചെന്ന്, ധ്യാനാത്മകജീവിതത്തിൽ ആഴപ്പെടാൻ നമ്മെ ആഹ്വാനം ചെയ്യുന്നു.*

### സുവിശേഷഗീതം

### വായന (റംശായിലേത്)

**സമൂ:** ദൈവമായ കർത്താവിനു സ്തുതി.

### കാറോസൂസ

**ശുശ്രൂ:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ നിന്ന് കർത്താവേ ഞങ്ങളോട് കൃപയുണ്ടാകണമേ.

**ശുശ്രൂ:** 'എനിക്കുവേണ്ടി സഹിച്ചതിന് എന്തു പ്രതിഫലം ആഗ്രഹിക്കുന്നു' എന്ന ഈശോ നാഥന്റെ ചോദ്യത്തിന് നിന്നെപ്രതി കൂടുതൽ സഹിക്കുവാനും നിന്ദിക്കപ്പെടുവാനും ആഗ്രഹിക്കുന്നുവെന്ന് ഉദീരണം ചെയ്ത വിശുദ്ധനെ അനുകരിച്ച് സഹനത്തിന്റെ മൂല്യം മനസ്സിലാക്കാനും സഹനങ്ങളെ സ്നേഹപൂർവ്വം സന്തോഷത്തോടെ സ്വീകരിക്കു

വാനുമുള്ള കൃപ നൽകണമെയെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോട് കൃപയുണ്ടാകണമേ

**ശുശ്രൂ:** 'നാവിനെയും വിചാരങ്ങളെയും സസൂക്ഷ്മം നിയന്ത്രിക്കുക. ഹൃദയപക്ഷങ്ങളെ ദൈവത്തിൽ കേന്ദ്രീകരിക്കുക' എന്ന വിശുദ്ധന്റെ പ്രബോധനം സ്വീകരിച്ച് ജീവിതത്തെ ക്രമീകരിക്കുവാനുള്ള കൃപ നൽകണമേയെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോട് കൃപയുണ്ടാകണമേ

**ശുശ്രൂ:** 'സമസ്ത വസ്തുക്കളെയും സംബന്ധിച്ച് ആന്തരികമായ നിസ്സംഗത പാലിക്കുക, നശ്വരമായ വസ്തുക്കളിലൊന്നും ആഹ്ലാദിക്കരുത്' എന്നുള്ള വിശുദ്ധന്റെ ആഹ്വാനത്തെ ജീവിതത്തിൽ പകർത്തി ദൈവൈക്യം പ്രാപിക്കുവാൻ കൃപ നൽകണമേയെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോട് കൃപയുണ്ടാകണമേ

**ശുശ്രൂ:** ഭൗതികനന്മകളായ പാണ്ഢിത്യം, കീർത്തി, സ്വാതന്ത്ര്യം, സന്തോഷം, വിശ്രമം എന്നിവയെ അനുഗമിച്ചുകൊണ്ട് പുണ്യപൂർണ്ണതയാകുന്ന മല കയറുവാനുള്ള ഉദ്യമം മാർഗ്ഗഭ്രംശമായി പരിണമിക്കുമെന്ന് മനസിലാക്കുവാനുള്ള കൃപനൽകണമേയെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോട് കൃപയുണ്ടാകണമേ

**ശുശ്രൂ:** സ്വർഗീയ നന്മകളെ അവലംബിച്ചുകൊണ്ടുള്ള മലകയറ്റം കുറഞ്ഞ ഉയരത്തിലേ എത്തിക്കുകയുള്ളൂ എന്ന് ഗ്രഹിക്കുവാനുള്ള കൃപ തരണമേയെന്ന്

കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോട് കൃപയുണ്ടാകണമേ

**ശുശ്രൂ:** ശൂന്യതയുടെ പാതയാണ് ഉത്തമമായ മാർഗ്ഗമെന്നും, അതിലൂടെ സഞ്ചരിച്ചാൽ മാത്രമേ പുണ്യപൂർണതയാകുന്ന മലയുടെ ഗിരിശൃംഖത്തിലെത്താൻ സാധിക്കുകയുള്ളൂ എന്നും ഗ്രഹിക്കുവാനുള്ള കൃപ തരണമേയെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു..

**സമൂ:** കർത്താവേ ഞങ്ങളോട് കൃപയുണ്ടാകണമേ

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# പരി. കന്യകാമറിയത്തിന്റെ തിരുനാളുകൾ
## (വിമലഹൃദയം, ലൂർദ്ദ് മാതാവ്, ഫാത്തിമാ മാതാവ്)

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** (വിമലഹൃദയം) ദൈവത്തിന്റെ അതിമനോഹരവും പരിശുദ്ധവുമായ സൃഷ്ടിയാണ് പരി. കന്യകാമറിയം. മാനവരാശിയുടെ അഭിമാനപാത്രവും സ്വർഗത്തിന്റെ അത്ഭുതവുമാണവൾ. കാൽവരിയിലെ നിത്യപുരോഹിതന്റെ മാതാവും യാഹ്‌വേയുടെ സഹനദാസിയുമാണവൾ. നിർമ്മലവും കളങ്കരഹിതവുമായ അവളുടെ ഹൃദയം സ്വർഗത്തിന്റെ ഏറ്റവും വലിയ സമ്മാനമാണ്. 1648 ൽ വി. ജോൺ യൂഡ്സ് മറിയത്തിന്റെ വിമലഹൃദയത്തിന്റെ തിരുനാൾ, താൻ സ്ഥാപിച്ച ഈശോയുടെയും മറിയത്തിന്റെയും സഭയിൽ ആദ്യം കൊണ്ടാടി. 1942 മെയ് 13-ാം തീയതി പന്ത്രണ്ടാം പീയൂസു മാർപാപ്പാ റഷ്യ ഉൾപ്പെടെയുള്ള ലോകത്തെ മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു. 1945-ൽ മറിയത്തിന്റെ വിമലഹൃദയത്തിരുനാൾ സാർവ്വത്രികസഭയിൽ സ്ഥാപിതമായി.

വി. അംബ്രോസ് പറയുന്നു 'കന്യകാമറിയത്തിന്റെ നിർമ്മല ഉദരത്തിൽ ഈശോ എന്ന ഒരു ഗോതമ്പുമണിയേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ അതു ഗോതമ്പുകൂമ്പാരമായിരുന്നു. കാരണം തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം അവിടെ ഉണ്ടായിരുന്നു.' തിരുസഭയുടെ മാതാവും സംരക്ഷകയുമായ പരി. അമ്മയുടെ വിമലഹൃദയത്തിൽ നമ്മെത്തന്നെ സമർപ്പിച്ച് അമ്മയെപ്പോലെ ഹൃദയനൈർമ്മല്യമുള്ളവരാകാൻ വേണ്ട കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം.

**കാർമ്മി:** (ലൂർദ്ദ് മാതാവ്) ദൈവത്തിന്റെ അതിമനോഹരവും പരിശുദ്ധവുമായ സൃഷ്ടിയാണ് പരി. കന്യകാമറിയം. മാനവരാശിയുടെ അഭിമാനപാത്രവും സ്വർഗത്തിന്റെ അത്ഭുതവുമാണവൾ. കാൽവരിയിലെ നിത്യപുരോഹിതന്റെ മാതാവും യാഹ്‌വേയുടെ സഹനദാസിയുമാണവൾ. അമലോത്ഭവയായ സ്വർഗരാജ്ഞി തന്റെ പ്രത്യക്ഷീകരണങ്ങളിലൂടെ ഇന്നും രക്ഷാകരപദ്ധതി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. 1856 ഫെബ്രുവരി 11-ാം തീയതി ലൂർദ്ദിലെ ഗ്രോട്ടോയിൽ ബെർണർദീത്തായ്ക്കു ആദ്യമായി പ്രത്യക്ഷപ്പെട്ട പരി. അമ്മ പിന്നീട് 18 തവണ അവൾക്ക് ദർശനം നൽകി. മാർച്ച് 25-ാം തീയതി മംഗലവാർത്തത്തിരുനാൾ ദിവസം ബെർണർദീത്തായ്ക്കു കാണപ്പെട്ടു കൊണ്ടിരുന്ന വനിത തന്റെ പേരു പറഞ്ഞു 'ഞാൻ അമലോത്ഭവയാണ്.' വേദനിക്കുന്നവരുടെ കണ്ണീരൊപ്പാൻ സ്വർഗസന്നിധിയിൽ മാദ്ധ്യസ്ഥ്യം വഹിക്കുന്ന പരി. അമ്മയുടെ ചാരെ നമുക്കും വിശ്വാസത്തോടെ അഭയം തേടാം.

**കാർമ്മി:** (ഫാത്തിമാ മാതാവ്) ദൈവത്തിന്റെ അതിമനോഹരവും പരിശുദ്ധവുമായ സൃഷ്ടിയാണ് പരി.

കന്യകാമറിയം. മാനവരാശിയുടെ അഭിമാന പാത്രവും സ്വർഗത്തിന്റെ അത്ഭുതവുമാണവൾ. കാൽവരിയിലെ നിത്യപുരോഹിതന്റെ മാതാവും യാഹ്വേയുടെ സഹനദാസിയുമാണവൾ. അമല മനോഹരിയായ ഈ സ്വർഗറാണി തന്റെ പ്രത്യ ക്ഷീകരണങ്ങളിലൂടെ ഇന്നും രക്ഷാകരപദ്ധതി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. 1917-ൽ പോർ ച്ചുഗലിലെ ഫാത്തിമായിൽ ലൂസിയ, ഫ്രാൻസിസ്, ജസീന്താ എന്നീ മൂന്നുകുട്ടികൾക്ക് പരി. അമ്മ പ്രത്യക്ഷപ്പെട്ടു. 1930 ഒക്ടോബർ 13 ന് ബിഷപ്പ് ജോസ് ആൽവസ് കൊറിയ ഡാസിൽവ, ഈ സം ഭവങ്ങൾ വിശ്വസിക്കാൻ യോഗ്യമാണെന്ന് പ്രഖ്യാ പിച്ചു. 1954 നവംബർ 11 ന്, പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ, ഫാത്തിമായിൽ പ്രത്യക്ഷീകരണം നട ന്ന സ്ഥലത്തെ പള്ളിയെ ഒരു ചെറിയ ബസിലിക്കാ യുടെ പദവിയിലേയ്ക്ക് ഉയർത്തി. ഫാത്തിമായിലെ തന്റെ ദർശനത്തിൽ ലോകത്തിൽ പലയിടത്തും യുദ്ധങ്ങൾ ഉണ്ടാകുമെന്നും എല്ലാവരും വിശ്വാസം കൈവിടാതെ നിരന്തരം പ്രാർത്ഥിക്കണമെന്നും പരി. അമ്മ വെളിപ്പെടുത്തി. ലോകം മുഴുവന്റെയും രക്ഷയ്ക്കായി പരി. അമ്മയോട് ചേർന്ന് നമുക്കും ഈശോയോട് മാദ്ധ്യസ്ഥ്യം തേടാം.

**ഗാനം : (പരി. അമ്മയുടേത്)**

## വിജ്ഞാപനം I

*ദൈവം തന്റെ പുത്രനു മാതാവാകാൻ തിരഞ്ഞെ ടുത്ത പരിശുദ്ധ കന്യകാമറിയത്തെ സൃഷ്ടിയുടെ ആരംഭ ത്തിൽത്തന്നെ പരമപരിശുദ്ധയായി തെരഞ്ഞെടുത്ത് കാത്തു സൂക്ഷിച്ചു. അചഞ്ചലമായ വിശ്വാസത്തിന്റെയും വിശുദ്ധമായ പ്രത്യാശയുടെയും ഉത്കൃഷ്ടമായ സ്നേഹത്തിന്റെയും പരിജ്ഞാനത്തിന്റെയും ഉറവ വറ്റാത്ത അരുവിയാണ് പരി.*

അമ്മ. ദൈവത്തിന്റെ തിരഞ്ഞെടുപ്പും പദ്ധതികളും മനുഷ്യബുദ്ധിക്ക് അതീതമാണ്. സ്വർഗീയരാജ്ഞിയായി പരിലസിക്കേണ്ട കന്യകയെ അനാദിയിലേ തെരഞ്ഞെടുത്ത് സർവ്വാലംകാര വിഭൂഷിതയാക്കിയ ദൈവപിതാവിന്റെ പരിപാലനയെ തിരുവചനങ്ങളിലൂടെ നമുക്കു ദർശിക്കാം.

**വായന : സുഭാ. 8:22–31**

*(സങ്കീർത്തനം 15 യാമപ്രാർത്ഥനാപുസ്തകത്തിൽ നിന്നും ഇരുഗണമായി ചൊല്ലുന്നു)*

## വിജ്ഞാപനം II

*പരി. കന്യകാമറിയം ജനനത്തിനു മുമ്പും ജനനശേഷവും യാതൊരുവിധ മാലിന്യവും ഏശാത്ത കന്യകയാണ്. കളങ്കവും മുഖചുളിവുമില്ലാത്ത പരിശുദ്ധയാണവൾ. പിശാചിന്റെ തലയെ തകർത്ത നമ്മുടെ അമ്മ ഉന്നതമായ ചിന്ത ഉള്ളവളും ദൈവവചനത്തെ സദാ ഹൃദയത്തിൽ സംവഹിച്ചവളുമാണ്. സ്വന്തം ശരീരത്തിൽ മഹിമ പ്രതാപവാനായ ദൈവത്തിനു മാസം ധരിക്കുവാൻ സമ്മതം നൽകിയ നിമിഷം മുതൽ ദൈവഹിതത്തിന് ജീവിതം മുഴുവൻ സമർപ്പിച്ച ആ തപസ്വിനിയെ സ്വർഗീയരാജ്ഞിയായി മുടിചൂടിച്ചുകൊണ്ട് സ്വർഗ്ഗം ബഹുമാനിച്ചു. നാരകീയശക്തികളുടെ തല തകർക്കാൻ നിയുക്തയായിരിക്കുന്ന പരി. അമ്മയുടെ സ്വർഗീയ മഹിമയെ തിരുവചനങ്ങളിൽ നമുക്കു ദർശിക്കാം.*

**വായന : വെളി. 12:1–6**

**ഗാനം : (പരി. അമ്മയെക്കുറിച്ച്)**

## വിജ്ഞാപനം III

*പിതൃവചനത്തിന് അഭംഗമായ പ്രത്യുത്തരമേകി ദൈവവചനത്തെ സദാ ഹൃദയത്തിൽ സംവഹിച്ച് ജീവിച്ച ഒരു ധ്യാനയോഗിയാണ് പരി. അമ്മ. ഇളയമ്മയായ ഏലീശായുടെ ഭവനത്തിലും കാനായിലെ കല്യാണഭവനത്തിലും*

*നിസ്വാർത്ഥ സേവനവും ശുശ്രൂഷയും കാഴ്ചവച്ച ഒരു നിഷ്ക്കാമകർമ്മയോഗിയാണ് പരി. മറിയം. രക്ഷാകരപദ്ധതിയിൽ ആദ്യവസാനം ഉൾച്ചേർന്ന സഹരക്ഷകയായ അമ്മ, ദൈവജനത്തെ ആത്മീയമായി ജനിപ്പിച്ച് കൈപിടിച്ചു നടത്തി സകല അപകടങ്ങളിൽ നിന്നും രക്ഷിച്ച് ഈശോയാകുന്ന തുറമുഖത്തേയ്ക്ക് എത്തിക്കുന്ന സമുദ്രതാരമാണ്. നിരവധി പ്രതിസന്ധികളും സംഘട്ടനങ്ങളും ഉണ്ടായിട്ടും യാതൊരു ആവലാതിയും അസ്വസ്ഥതയും കൂടാതെ ദൈവഹിതം മാത്രം നിറവേറ്റിയ പരി. അമ്മയുടെ ജീവിതമാതൃക തിരുവചനങ്ങളിൽ നിന്നും നമുക്കു സ്വന്തമാക്കാം.*

**സുവിശേഷഗീതം**

**വായന** (റംശായിലേത്)

***തുടർന്ന് റംശായിലെ കാറോസൂസാ***

*റംശാ തുടരുന്നു*



# ഈശോയുടെ തിരുനാളുകൾ
## (തിരുഹൃദയം, കരുണയുടെ ഈശോ, ക്രിസ്തുരാജൻ)

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** (തിരുഹൃദയം) വി. കുർബാനയുടെ തിരുനാൾ കഴിഞ്ഞ് 8-ാം ദിവസം ഈശോയുടെ തിരുഹൃദയത്തിരുനാൾ കൊണ്ടാടുന്നു. ഈ പ്രത്യേകദിവസം തിരഞ്ഞെടുത്തത് ഈശോ തന്നെയാണെന്ന് മർഗ്ഗരീത്താ മറിയം അലക്കോക്ക് എന്ന പുണ്യവതിയുടെ വെളിപാടുകളിൽ നിന്നു വിശദമാണ്. ഈശോയ്ക്കു മനുഷ്യമക്കളോടുള്ള ആഴമായ സ്നേഹത്തിന്റെ പ്രതീകമായ ഹൃദയമാണ് തിരുഹൃദയഭക്തിയുടെ വിഷയം. ഫ്രാൻസിലെ പാരലെമോണിയായിലെ വിസിറ്റേഷൻ മഠത്തിലെ ഒരംഗമായിരുന്ന മർഗരീത്തായ്ക്ക് 1673 മുതൽ 1675 വരെ ഈശോയുടെ തിരുഹൃദയം പ്രത്യക്ഷമായി. ഈശോ തന്റെ ഹൃദയം നെഞ്ചിൽ വച്ച് ഒരു വിരലുകൊണ്ട് താങ്ങിപ്പിടിച്ചിരിക്കുന്നതായിട്ടാണ് കാണപ്പെട്ടത്. ഹൃദയത്തിന്റെ ഞെട്ടിൽ ഒരു കുരിശും കുരിശിൽ നിന്നുയരുന്ന സ്നേഹജ്വാലയു

മുണ്ടായിരുന്നു. ഒരു മുൾമുടി ഹൃദയത്തെ വലയം ചെയ്തിരുന്നു. 1856-ൽ തിരുഹൃദയത്തിരുനാൾ സാർവ്വത്രിക സഭയിൽ ആഘോഷിക്കണമെന്നു നിശ്ചയിക്കുകയും 1899 ൽ 13-ാം ലെയോ മാർപ്പാപ്പാ മനുഷ്യവർഗം മുഴുവനെയും തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയും ചെയ്തു. സ്നേഹസാഗരമായ ഈശോയുടെ തിരുഹൃദയം ധ്യാനിച്ച് ആ സ്നേഹത്തിനുള്ള പ്രത്യുത്തരമായി നമ്മുടെ ജീവിതങ്ങളെ നമുക്കു സമർപ്പിക്കാം.

**കാർമ്മി:** (കരുണയുടെ ഈശോ) വി. മരിയ ഫൗസ്റ്റീന കൊവാൽസ്ക്കയ്ക്ക് 1931 ഫെബ്രുവരി 22-ാം തീയതി കരുണയുടെ ഈശോ പ്രത്യക്ഷനായത് വിശുദ്ധ തന്റെ ഡയറിയിൽ വിവരിക്കുന്നത് ഇപ്രകാരമാണ്. 'വൈകിട്ട് ഞാൻ എന്റെ മുറിയിലായിരുന്നപ്പോൾ, വെള്ളവസ്ത്രം ധരിച്ച ഈശോനാഥനെ ഞാൻ കണ്ടു. ഒരു കൈ അനുഗ്രഹിക്കുന്ന രീതിയിൽ ഉയർത്തിപ്പിടിച്ചിരുന്നു. മറ്റേ കൈ മാറിടത്തിൽ വസ്ത്രത്തെ തൊട്ടിരുന്നു. മാറിടത്തിൽ വസ്ത്രത്തിന്റെ തുറന്നിരിക്കുന്ന ഭാഗത്തു നിന്ന് രണ്ടു വലിയ പ്രകാശരശ്മികൾ പുറത്തേയ്ക്ക് ബഹിർഗമിച്ചിരുന്നു. ഒരെണ്ണം ചുവന്നതും മറ്റേത് വെള്ളയുമായിരുന്നു. ഈശോ എന്നോടു പറഞ്ഞു. നീ കാണുന്നതു പോലെ ഒരു ഛായാചിത്രം വണങ്ങുന്ന ആത്മാവ് ഒരിക്കലും നശിച്ചു പോകുകയില്ലെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു. കരുണയുടെ ഒരു തിരുനാൾ ഉണ്ടാകണമെന്ന് ഞാനാഗ്രഹിക്കുന്നു. നീ ബ്രഷു കൊണ്ടു വരയ്ക്കുന്ന ഈ ചിത്രം ഈസ്റ്റർ കഴിഞ്ഞു വരുന്ന ആദ്യഞായറാഴ്ച ആഘോഷമായി വെഞ്ചരിക്കുകയും ആ ഞായർ കരുണയുടെ തിരുനാളായി ആഘോഷിക്കുകയും വേണം. വൈദികർ എന്റെ

വലിയ കരുണയെക്കുറിച്ച് പാപികളായ ആത്മാക്കളോടു പ്രഘോഷിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. ഞാൻ കരുണയാൽ ജ്വലിക്കുകയാണ്.' ഈശോയുടെ ഈ കരുണാർദ്രസ്നേഹം ഹൃദയത്തിലേറ്റു വാങ്ങി കരുണയുടെ പ്രേഷിതരാകാനുള്ള കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം.

**കാർമ്മി:** (ക്രിസ്തുരാജൻ) മിശിഹായുടെ രാജത്വം പഴയനിയമത്തിലും പുതിയനിയമത്തിലും പ്രഘോഷിച്ചിട്ടുണ്ട്. ഏശയ്യാ പ്രവാചകൻ പറയുന്നു 'നമുക്ക് ഒരു പുത്രൻ പിറന്നിരിക്കുന്നു. ശക്തനായ ദൈവം, സമാധാനരാജാവ് എന്നവൻ വിളിക്കപ്പെടും' ഗബ്രിയേൽ ദൈവദൂതൻ മംഗളവാർത്തയിൽ പരി. അമ്മയോട് പറഞ്ഞു 'യാക്കോബിന്റെ ഗോത്രത്തിൽ അവൻ എന്നേയ്ക്കും രാജാവായി വാഴും. അവന്റെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല.' 1925 ൽ 11-ാം പീയൂസ് മാർപ്പാപ്പാ സർവ്വലോക രാജാവായ ക്രിസ്തുവിന്റെ തിരുനാൾ ഒക്ടോബർ മാസത്തിലെ ഒടുവിലത്തെ ഞായറാഴ്ച തിരുസഭയാസകലം എല്ലാവർഷവും കൊണ്ടാടണമെന്ന് പ്രഖ്യാപിച്ചു. മിശിഹായിൽ നിന്ന് വഴിമാറിക്കൊണ്ടിരിക്കുന്ന വ്യക്തികളും കുടുംബങ്ങളും സമൂഹങ്ങളും രാജ്യങ്ങളും അവിടുത്തെ രാജത്വം അംഗീകരിക്കേണ്ടതിന്റെ ആവശ്യകത അനുസ്മരിപ്പിക്കാനാണ് ഈ തിരുനാൾ പരി. പിതാവ് സ്ഥാപിച്ചത്. അവിടുത്തെ രാജ്യം മനുഷ്യഹൃദയങ്ങളിലും കുടുംബങ്ങളിലും രാഷ്ട്രങ്ങളിലും വരണമേ എന്ന പ്രാർത്ഥനയോടെ നമുക്ക് ദൈവതിരുമുമ്പിൽ ആയിരിക്കാം.

**ഗാനം: (ഈശോയുടെ സ്നേഹത്തെക്കുറിച്ച്)**

## വിജ്ഞാപനം I

*തകർന്നടിഞ്ഞ മനുഷ്യമനസുകളിൽ ആശ്വാസ തൈലം പുരട്ടുന്ന കർത്താവിന്റെ അഭിഷിക്തനാണ് ഈ ശോ. വേദനിക്കുന്നവരെ ആശ്വസിപ്പിക്കുന്ന ബന്ധിതർക്കു മോചനം നൽകുന്ന കരുണാർദ്രഹൃദയത്തിന്റെ ഉടമയായി അവിടുന്ന് വരാനിരിക്കുന്നു എന്ന് ഇസ്രായേൽ ജനതയോട് പ്രവാചകന്മാർ സൂചിപ്പിക്കുന്നുണ്ട്. കർത്താവിന്റെ ആത്മാവിന്റെ ശക്തിയോടെ വരാനിരിക്കുന്ന ആ അഭിഷിക്തനെ കാത്തിരുന്ന ജനത്തിന് പ്രത്യാശ പകരുന്ന സന്ദേശവുമായാണ് ഈശോ ഭൂമിയിൽ അവതരിച്ചത്. ചതഞ്ഞ ഞാങ്ങണ ഒടിക്കാത്ത, മങ്ങിയ തിരി കെടുത്താത്ത ആ സ്നേഹരാജാവിന്റെ ചിത്രം ഏശയ്യാപ്രവാചകൻ വരച്ചുകാണിക്കുന്നത് നമുക്കിപ്പോൾ ദർശിക്കാം.*

**വായന : ഏശ. 61:1–4**

**സമൂ:** ദൈവമായ കർത്താവിനു സ്തുതി.

*(റംശാപുസ്തകത്തിൽ നിന്നും സങ്കീർത്തനം 104 ഇരുഗണമായി ആലപിക്കുന്നു)*

## വിജ്ഞാപനം II

*മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി, സർവ്വപ്രതാപവും വെടിഞ്ഞ്, സ്വയം ശൂന്യനാക്കിയ തന്റെ പുത്രനെ ദൈവപിതാവ് സകലത്തിന്റെയും നാഥനായി ഉയർത്തി. ദൈവഹിതത്തിനുള്ള സമ്പൂർണ അനുസരണം വഴി മനുഷ്യവംശത്തെ സ്വർഗത്തിലേയ്ക്കുയർത്തിയ അവിടുന്ന് കാരുണ്യരാജനാണ്. തന്റെ ഏകജാതനെ നൽകാൻ തക്കവിധം ലോകത്തെ സ്നേഹിച്ച ദൈവപിതാവിന്റെ സ്നേഹാർദ്രഹൃദയത്തെ മനുഷ്യനു വെളിപ്പെടുത്താൻ സ്വയം ശൂന്യനാക്കിയ ഈശോയെ തിരുവചനങ്ങളിലൂടെ നമുക്കു ദർശിക്കാം.*

**വായന : ഫിലി. 2:6–11**

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

**ഗാനം : (ദൈവസ്നേഹത്തെക്കുറിച്ച്)**

**വിജ്ഞാപനം III**

*തന്നെ കുത്തിമുറിവേൽപിച്ചവനും സൗഖ്യം നൽകാൻ തക്കവിധം കാരുണ്യത്തിന്റെ വറ്റാത്ത ഉറവിടമായിരുന്നു ഈശോയുടെ ഹൃദയം. ഒറ്റിക്കൊടുത്തവനെ സ്നേഹിത നാക്കുന്ന, തള്ളിപ്പറഞ്ഞവനെ തലവനാക്കി മാറ്റുന്ന, ഓടിയൊ ളിച്ചവരെ അടിസ്ഥാനശിലകളാക്കി മാറ്റുന്ന ആ കരുണാർ ദ്രസ്നേഹം സുവിശേഷത്തിന്റെ ഏടുകളിൽ തെളിവാർന്നു നിൽക്കുന്നു. സ്നേഹത്തിന്റെ രാജ്യം സ്ഥാപിച്ച്, കരുണയു ടെ ചെങ്കോൽ ധരിച്ച്, നമ്മെ സ്വർഗീയ തുറമുഖത്തേയ്ക്ക് നയിക്കുന്ന ആ ദിവ്യരക്ഷിതാവിനെ തിരുവചനത്തിലൂടെ നമുക്കു ദർശിക്കാം.*

**സുവിശേഷഗീതം**

**വായന** (റംശായിലേത്)

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# തിരുക്കുടുംബത്തിന്റെ തിരുനാൾ, ഉണ്ണീശോയുടെ തിരുനാൾ

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** (തിരുക്കുടുംബം) ക്രിസ്തുമസ് കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് തിരുക്കുടുംബത്തിന്റെ തിരുനാൾ ആഘോഷിക്കുന്നത്. ദൈവഹിതത്തിന് ആമ്മേൻ പറഞ്ഞ പരി. അമ്മയും, നീതിമാനും ദൈവഭക്തനുമായ വി. യൗസേപ്പിതാവും, ലോകരക്ഷകനായ ഈശോയും ഒന്നിച്ചു ചേർന്ന കുടുംബം എത്രയോ പരിശുദ്ധമാണ്. ആരാധാക്രമകലണ്ടറിൽ ഈ തിരുനാൾ ചേർത്തത് ബെനഡിക്ട് പതിനഞ്ചാമൻ പാപ്പായാണ്. 1969 മുതലാണ് ഈ തിരുനാൾ ആഘോഷമായി കൊണ്ടാടാൻ തുടങ്ങിയത്. ക്രിസ്തീയകുടുംബങ്ങളുടെ വിശുദ്ധീകരണത്തിനുവേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമുള്ള പ്രത്യേകദിനമാണിത്. തിരുക്കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം കാവലാകാനും, സംരക്ഷിക്കാനും കരുതാനും വിധേയപ്പെടാനും ആത്മാർത്ഥമായി സ്നേഹിക്കാനും നമുക്കും സാധിക്കുമ്പോൾ നമ്മുടെ സമൂഹങ്ങളും തിരുക്കുടുംബങ്ങളായി മാറും.

അതിനുള്ള കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം.

**കാർമ്മി:** (ഉണ്ണീശോ) പാപികളായ മനുഷ്യമക്കളെ വീണ്ടെടുത്തു രക്ഷിക്കാൻ, സ്വർഗ്ഗത്തിന്റെ സകല പ്രതാപങ്ങളുംവെടിഞ്ഞ്, കാലിത്തൊഴുത്തിന്റെ ശൂന്യതയിലേയ്ക്ക് ദൈവം മനുഷ്യനായി പിറന്നു. സ്നേഹം സകലതും സഹിക്കുന്നു, എന്ന വചനത്തിന്റെ പൂർത്തീകരണം പോലെ, സ്നേഹം തന്നെയായ ദൈവം സ്വയം ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു. ദാരിദ്ര്യത്തിന്റെ പുൽക്കൂട്ടിൽ വന്നു പിറന്ന രാജാധിരാജൻ, അന്നുവരെയുണ്ടായിരുന്ന എല്ലാ മെശയാനികസങ്കൽപങ്ങളെയും തകിടം മറിച്ചു. എങ്കിലും ദൈവീകപദ്ധതികൾ നിഗൂഢവും അഗ്രാഹ്യവുമാണെന്ന തിരിച്ചറിവോടെ, വിശ്വാസത്തിന്റെ നയനങ്ങളുമായി കാലിത്തൊഴുത്തിലേയ്ക്കു നോക്കിയവർ ആ രാജാധിരാജനെ വണങ്ങി, ജീവിതം മുഴുവൻ അവിടുത്തെ മുമ്പിൽ കാഴ്ചവച്ചു. കാലിത്തൊഴുത്തിന്റെ കുളിരിൽ, ശാന്തമായുറങ്ങുന്ന ഈ ദിവ്യപൈതലാണ് ലോകരക്ഷകൻ എന്ന തിരിച്ചറിവോടെ ആ താഴ്മയുടെ പാഠങ്ങൾ നമുക്കും അഭ്യസിക്കാം.

## ഗാനം : (ദൈവസ്നേഹത്തെക്കുറിച്ച്)

## വിജ്ഞാപനം I

*സർവ്വപ്രതാപവാനും സർവാധിപനുമായ ദൈവം സമാധാനരാജാവാണ്. അവിടുത്തെ രാജ്യത്തിൽ യുദ്ധകാഹളങ്ങളോ മുറവിളികളോ ഇല്ല. നീതിയും ധർമ്മവും സമാധാനവും പുലരുന്ന ആ രാജ്യത്തിന്റെ ഭരണം ശാശ്വതമാണ്. നിഷ്കളങ്കതയും നിസഹായതയും ഒരുപോലെ വിളങ്ങുന്ന ഒരു ശിശുവായി രക്ഷകൻ വരാനിരിക്കുന്നു എന്ന് പ്രവാചകന്മാർ ഇസ്രായേൽ ജനത്തെ അറിയിച്ചിരുന്നു. ദാവീദിന്റെ സിംഹാസനം അലങ്കരിക്കാനെത്തുന്ന രാജാവിന്റെ സവിശേഷതകളെക്കുറിച്ച് പഴയനിയമഗ്രന്ഥത്തിൽ നിന്നും നമുക്കു ശ്രവിക്കാം.*

### വായന : ഏശ. 9:6–7

**സമൂ:** ദൈവമായ കർത്താവിനു സ്തുതി.

*(യാമപ്രാർത്ഥനപുസ്തകത്തിൽ നിന്നും സങ്കീർത്തനം 145 ഇ രുഗണമായി ചൊല്ലുന്നു)*

## വിജ്ഞാപനം II

*സ്വന്തം പുത്രനെപ്പോലും മാറ്റിവയ്ക്കാതെ നമുക്കായി നൽകുന്ന സ്വർഗീയ പിതാവിന്റെ സ്നേഹമാണ് ശിശുവായിപ്പിറന്ന ഈശോയിൽ നാം ദർശിക്കുന്നത്. തന്റെ ഏകപുത്രനിലൂടെ നമ്മെ ദത്തുപുത്രരാക്കി മാറ്റി സ്വർഗത്തിന് അവകാശികളാക്കിയ ദൈവ ത്തിന്റെ സ്നേഹം തന്നെയാണ് കാലിത്തൊഴുത്തിന്റെ സുവിശേഷം. നാം പാപികളായിരിക്കെ, പരിശുദ്ധി തന്നെയായ അവിടുന്ന്, നമ്മെ രക്ഷിക്കാൻ നമ്മിലൊരുവനായി. ദൈവസ്നേഹതീഷ്ണതയാൽ എ രിഞ്ഞ വി. യോഹന്നാൻ ശ്ലീഹാ ദൈവപിതാവിന്റെ ഈ സ്വയംത്യാ ഗത്തെക്കുറിച്ച് വിവരിക്കുന്ന തിരുവചനഭാഗം നമുക്ക് ശ്രദ്ധാപൂർവം ശ്രവിക്കാം.*

**വായന : 1 യോഹ. 4:7-10**

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

**ഗാനം : (ദൈവസ്നേഹത്തെക്കുറിച്ച്)**

## വിജ്ഞാപനം III

*സ്വയം ദാനത്തിന്റെയും പങ്കുവയ്ക്കലിന്റെയും പരസ്പര ബഹുമാനത്തിന്റെയും അലകൾ നിറഞ്ഞ കുടുംബത്തിലാണ് ഈ ശോ വന്നു പിറക്കുന്നതും തിരുക്കുടുംബമായി അത് മാറുന്നതും. മറുചോദ്യങ്ങളില്ലാതെ ദൈവഹിതം പൂർണമായി അനുസരിക്കുന്ന ഹൃദയങ്ങളാണ് കാലിത്തൊഴുത്തിന്റെ സൗഭാഗ്യം ഏറ്റുവാങ്ങുന്നത്. അവിടെ ദൈവപുത്രന്റെ തിരുസാന്നിദ്ധ്യവും സ്വർഗീയദൂതരുടെ സ് നേഹഗീതങ്ങളും നിറയും. ഇങ്ങനെ ദൈവഹിതം നിരന്തരം നിറവേറ്റി സ്വർഗീയശാന്തി സ്വന്തമാക്കാൻ വചനം നമ്മെ ക്ഷണിക്കുന്നു.*

## സുവിശേഷഗീതം

**വായന** (റംശായിലേത്)

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# വി. അന്നാമ്മയുടെ തിരുനാൾ

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** കന്യകാംബികയുടെ മാതാപിതാക്കന്മാരാണ് അന്നായും ജോവാക്കിമും. അന്നാമ്മയുടെ തിരുനാൾ 4-ാം ശതാബ്ദം മുതൽ പൗരസ്ത്യസഭയിൽ ആഘോഷിച്ചിരുന്നു. 'അന്ന' എന്ന പേരിന്റെ അർത്ഥം അനുഗ്രഹദായക എന്നാണ്. വാർധക്യത്തിൽ തനിക്കു ലഭിച്ച ശിശുവിനെ മൂന്നാം വയസിൽ ദേവാലയത്തിൽ കാഴ്ചവച്ച അന്നാമ്മ, തന്റെ നിർമ്മലശിശുവിന്റെ സഹവാസത്തിൽ നിന്നു ലഭിക്കാമായിരുന്ന ആനന്ദം ബലി ചെയ്തവളാണ്. ക്രിസ്തീയകുടുംബങ്ങളുടെ മദ്ധ്യസ്ഥയായ അന്നാമ്മ, ദൈവതിരുമനസനുസരിച്ച് മക്കളെ വളർത്തി അവരെ ദൈവികരക്ഷാകരപദ്ധതിയിൽ ഭാഗമാക്കിയെടുക്കാൻ, മാതാപിതാക്കൾക്ക് വലിയ മാതൃകയാണ്. ഗാർഹികസഭയായ കുടുംബം വിശുദ്ധിയുടെ പൂവനങ്ങളായി മാറാൻ അന്നാമ്മയുടെ മാദ്ധ്യസ്ഥ്യം തേടി നമുക്ക് പ്രാർത്ഥിക്കാം.

## ഗാനം : അന്നാമ്മയെക്കുറിച്ച്

## വിജ്ഞാപനം I

*ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ നിർണായകമായ സ്ഥാനം വഹിച്ചവരുടെയെല്ലാം ജനനം അത്ഭുതാവഹവും ശ്രേഷ്ഠവുമായിരുന്നു. നീണ്ട കാത്തിരിപ്പിനും പ്രാർത്ഥനയ്ക്കുമൊടുവിൽ അസാധ്യതകൾ സാധ്യമായി മാറുന്ന കാഴ്ച വി. ഗ്രന്ഥത്തിലുടനീളം നമുക്കു കാണാനാവും. നിത്യനിർമ്മലകന്യകയും ദൈവമാതാവുമായ പരി. കന്യകാമറിയത്തിന് ജന്മം നൽകാൻ വേണ്ടി പ്രാർത്ഥനാപൂർവ്വം, പ്രത്യാശയോടെ കാത്തിരുന്ന അന്നാമ്മയും, സാമുവൽ പ്രവാചകന്റെ അമ്മയായ ഹന്നയെപ്പോലെ ദൈവകരങ്ങളിൽ സമ്പൂർണ ആശ്രയം വച്ചവളാണ്. ദൈവം തന്റെ ജീവിതത്തിൽ വർഷിച്ച കൃപകൾ വാഴ്ത്തിപ്പാടുന്ന ഹന്നായെ തിരുവചനത്തിൽ നമുക്കു ദർശിക്കാം.*

## വായന : 1 സാമു. 2:1–10

**സമൂ:** ദൈവമായ കർത്താവിന് സ്തുതി.

## ഗാനം : ഞാനെൻ നാഥനെ വാഴ്ത്തുന്നു...

## വിജ്ഞാപനം II

*ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ്. ലോകം ഭോഷത്തമെന്നു കരുതുന്നത് ദൈവത്തിന്റെ ദൃഷ്ടിയിൽ ജ്ഞാനമാണ്. ദൈവപുത്രനു മാതാവാകാൻ നസ്രത്തിലെ ഒരു എളിയ കന്യകയെ തെരഞ്ഞെടുത്ത ദൈവം ആ കന്യകയെ പരിശുദ്ധിയിൽ വളർത്തി ദൈവീകദൗത്യത്തിനായി ഒരുക്കാൻ തെരഞ്ഞെടുത്തത് ഹൃദയശുദ്ധിയും ദൈവഹിതത്തോട് വിധേയത്വവും നിറഞ്ഞ അന്നാമ്മയെയാണ്. വന്ധ്യയെന്ന് ലോകം കരുതുന്നവർക്ക്. ദൈവകൃപയുടെ നീർച്ചാലൊഴുക്കുന്ന ദൈവസ്നേഹം, ലൗകീകമായ എല്ലാ മാനദണ്ഡങ്ങളെയും അതിജീവിച്ച് മനുഷ്യമനസുകളെ സ്വന്തമാക്കുന്നു. ദൈവത്തിന്റെ വിളിയും*

*തെരെഞ്ഞെടുപ്പും എത്രമാത്രം പ്രത്യേകതകൾ നിറഞ്ഞതാണെന്ന് തിരുവചനത്തിലൂടെ നമുക്കു ദർശിക്കാം.*

**വായന : 1 കൊറി. 1:26–29**

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

**ഗാനം : ദൈവവിളിയെക്കുറിച്ച്**

**വിജ്ഞാപനം III**

*'ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു.' വിക്കനായ മേശയേയും ബാലനായ ജെറമിയായെയും ആട്ടിടയനായ ദാവീദിനെയുമെല്ലാം തെരഞ്ഞെടുത്ത്, പോരായ്മകളും ബലഹീനതകളും നിറഞ്ഞ അവരിലൂടെ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച്, തന്റെ പദ്ധതി പൂർത്തിയാക്കിയ ദൈവം തന്റെ വിളിയും തെരഞ്ഞെടുപ്പും നിർവ്വഹിക്കുന്നത് അനുയോജ്യരായ വ്യക്തികളെത്തന്നെ നിയോഗിച്ചുകൊണ്ടാണ്. ദൈവീകശക്തിയിലുള്ള ആഴമായ വിശ്വാസവും ദൈവഹിതത്തിനുള്ള സമ്പൂർണ്ണസമർപ്പണവും നിറഞ്ഞ വ്യക്തികളെയാണ് അവിടുന്ന് തന്റെ പ്രത്യേകദൗത്യത്തിനായി വിളിക്കുന്നത്. വി. അന്നാമ്മയെപ്പോലെ ദൈവനിയോഗങ്ങൾക്കായി ത്യാഗപൂർവ്വം സമർപ്പണം ചെയ്യാൻ തിരുവചനം നമ്മെ ആഹ്വാനം ചെയ്യുമ്പോൾ, ദൈവീകപദ്ധതിക്കായി നമ്മെത്തന്നെ നമുക്ക് ഒരുക്കാം.*

**സുവിശേഷഗീതം**

**വായന** (റംശായിലേത്)

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***



# വി. അന്തോനീസിന്റെ തിരുനാൾ

*(റംശാ ആരംഭിക്കുന്നു. സുവിശേഷവായനയ്ക്ക് തൊട്ടു മുമ്പുള്ള സ്ലോസായ്ക്കുശേഷം എല്ലാവരും ഇരിക്കുന്നു)*

**കാർമ്മി:** പോർത്തുഗലിന്റെ തലസ്ഥാനമായ ലിസ്ബണിൽ 1195 ൽ ജനിച്ച ആന്റണിയുടെ ജീവിതനിയമം ഇതായിരുന്നു 'ഒന്നും ചോദിക്കാതിരിക്കുക. യാതൊന്നും നിഷേധിക്കാതിരിക്കുക' രാജകൊട്ടാരത്തിൽ ജോലി ചെയ്തിരുന്ന ആന്റണിയുടെ പിതാവ് മകനെ ഒരു രാജകുമാരനെപ്പോലെയാണ് വളർത്തിയതെങ്കിലും ലൗകീക ആർഭാടങ്ങളെക്കാൾ സന്യാസത്തെ സ്നേഹിച്ച ആന്റണി 25-ാമത്തെ വയസിൽ ഒരു ഫ്രാൻസിസ്ക്കൻ വൈദികനായി. ആന്റണിയുടെ പ്രസംഗചാതുര്യം വളരെ പ്രശസ്തമാണ്. മത്സ്യങ്ങൾ പോലും അദ്ദേഹത്തിന്റെ പ്രസംഗം ശ്രവിക്കാൻ കാതോർത്തതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. വി. കുർബാനയോടുള്ള അദ്ദേഹത്തിന്റെ അത്യഗാധമായ ഭക്തിയും താപസികജീവിതത്തോടുള്ള ആഴമായ താത്പര്യവും അനാദൃശ്യമാണ്. ദൈവമാതാവ് ഉണ്ണിയെ ആന്റണിയുടെ കരങ്ങളിൽ ഏൽപ്പി

ക്കുന്നത് ദർശിച്ചതിനാലാണ് ഉണ്ണിയെ കരങ്ങളിൽ പിടിച്ചിരിക്കുന്നതായി ആന്റണിയുടെ ചിത്രം വരയ്ക്കുന്നത്. സുവിശേഷപ്രസംഗം കൊണ്ട് അനേകർക്ക് സ്വർഗമാർഗം കാണിച്ചു കൊടുത്ത ആ നാവ് അഴുകാതെ ഇരിക്കുന്നത് അത്യത്ഭുതം തന്നെയാണ്. സുവിശേഷത്തിനു സാക്ഷികളാകാനുള്ള നമ്മുടെ സമർപ്പണം ആഴപ്പെടുത്തണമേ യെന്ന് നമുക്ക് പ്രാർത്ഥിക്കാം.

## ഗാനം: (വിളിയെക്കുറിച്ച്)

## വിജ്ഞാപനം I

*ദൈവത്തിന്റെ വചനം ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതാണ്. ഇടിച്ചു തകർക്കാനും പണിതുയർത്താനും നട്ടുവളർത്താനുമായി ദൈവം നിയോഗിക്കുന്ന വ്യക്തികൾക്ക് തങ്ങളുടെ കുറവുകളെ അതിശയിപ്പിക്കുന്ന വിധം ദൈവീക കൃപാവരങ്ങൾ നൽകി അവിടുന്ന് നയിക്കുന്നു. ദൈവകരങ്ങളിലെ മനോഹരമായ ഉപകരണങ്ങളായി വഴങ്ങിക്കൊടുക്കുക എന്നതു മാത്രമാണ് വിളിക്കപ്പെടുന്നവരുടെ ദൗത്യം. ബാലനായ ജെറമിയായ്ക്ക് ശക്തിയും സംരക്ഷണവും നൽകി തന്റെ ദൗത്യം ദൈവം ഭരമേൽപിക്കുന്ന വചനഭാഗം നമുക്കിപ്പോൾ ധ്യാനിക്കാം.*

**വായന : ജെറ. 1:4–10**

**സമൂ:** ദൈവമായ കർത്താവിന് സ്തുതി.

## ഗാനം : (ദൈവപരിപാലനയെക്കുറിച്ച്)

## വിജ്ഞാപനം II

*ദൈവവചനത്തിനു നിരന്തരം സാക്ഷ്യം വഹിക്കുക എന്നത് ഏതൊരു ക്രൈസ്തവന്റെയും പ്രഥമവും പ്രധാനവുമായ കടമയാണ്. ലോകരക്ഷകനായ ഈശോയെപ്പറ്റി സകലരെയും അറിയിക്കുവാനും ആ രക്ഷയുടെ അനുഭവത്തിലേയ്ക്ക് ലോകം മുഴുവനെയും ആനയിക്കുവാനുമുള്ള*

*നമ്മുടെ ദൗത്യം ഈശോ തന്നെ നമ്മെ ഭരമേല്പ്പിച്ചതാണ്. സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം എന്ന ആഴമായ തിരിച്ചറിവിലേയ്ക്ക് നയിക്കപ്പെട്ട വി. പൗലോസ് എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് സുവിശേഷ ത്തിന് സാക്ഷ്യം നൽകി. വചനം പ്രഘോഷിക്കുന്നവന്റെ അധരങ്ങൾ സ്വർഗസ്തുതി പാടും എന്ന ബോധ്യത്തോടെ തിരുവചനം നമുക്ക് ശ്രദ്ധാപൂർവ്വം ശ്രവിക്കാം.*

**വായന : 1 കൊറി. 9:16–18**

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

**ഗാനം: (വി. അന്തോനീസിന്റേത്)**

**വിജ്ഞാപനം III**

*ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവു മാണ്. അനേകരെ മാനസാന്തരത്തിലേയ്ക്ക് നയിച്ച് വിശു ദ്ധരും വേദപാരംഗതരുമാക്കി മാറ്റിയത് ദൈവവചനമാണ്. വചനത്തിന്റെ രൂപാന്തരീകരണശക്തിയെ സാക്ഷ്യപ്പെടു ത്തുന്ന ജീവിതങ്ങളാണ് വി. അഗസ്തീനോസ്, വി. ഫ്രാൻ സീസ് സേവ്യർ തുടങ്ങിയവരുടേത്. ദൈവവചനം പ്രഘോ ഷിക്കുവാനും രക്ഷാകരദൗത്യത്തിൽ പങ്കുചേരുവാനും ദൈവം നമ്മെ വിളിക്കുമ്പോൾ അവിടുന്ന് നമ്മിലൂടെ തന്റെ അത്ഭുതകരമായ കരബലവും പ്രകടമാക്കുന്നുണ്ട്. ദൈവവ ചനത്തെപ്രതി സകലതും ഉച്ഛിഷ്ടം പോലെ കരുതുമ്പോൾ സ്വർഗീയ കൃപകളുടെ മഹാമാരി കൊണ്ട് അവിടുന്ന് നമ്മെ അനുഗ്രഹീതരാക്കും. ഈ വലിയ ബോധ്യത്തോടെ നമ്മു ടെ ജീവിതങ്ങളെ ദൈവവചനത്തിന്റെ സാക്ഷ്യത്തിനായി നമുക്ക് സ്നേഹപൂർവ്വം സമർപ്പിക്കാം.*

**സുവിശേഷഗീതം**

**വായന** (റംശായിലേത്)

***തുടർന്ന് റംശായിലെ കാറോസൂസാ***

***റംശാ തുടരുന്നു***